

ജി.എച്ച്.എസ്.എസ്.മടിക്കൈ
ഡിജിറ്റൽ മാഗസിൻ
ലിറ്റിൽ കൈറ്റ്സ്


little
KITEs
KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
ലിറ്റിൽ കൈറ്റ്സ്



ആശംസകളോടെ.....


ഭാഷ ഒരു മാധ്യമമാകുമ്പോൾ മനുഷ്യമനസ്സുകളിൽ അവ രൂപപ്പെടുത്തുന്ന അവസ്ഥാഭേദങ്ങൾ, ചില അടയാളപ്പെടുത്തലുകൾ, ഭാവനാംശങ്ങൾ തുടങ്ങിയവ വളരെ മഹത്തരമാകാറുണ്ട്. അത് സാഹിത്യരൂപം കൈവരിക്കുന്നിടത്ത് സ്വതന്ത്ര നിലപാട് സ്വീകരിച്ചുകൊണ്ട് ഹൃദ്യമാകുന്നു.

ആരുമറിയാതെ വനാന്തരത്തിൽ വിടർന്നു കൊഴിയുന്ന കാട്ടുപൂക്കളെ പോലെ നിത്യവിസ്മൃതിയിൽ അമരാനുള്ളവരല്ല കുട്ടികൾ. ഓരോരുത്തരിലുമുള്ള സർഗവാസനാ വൈഭവങ്ങളെ പരിപോഷിപ്പിക്കണം. സാമൂഹ്യനന്മയ്ക്കായി വിനിയോഗിക്കണം. അതിനെല്ലാമുള്ള തിരികൊളുത്തിയെടുക്കേണ്ടത് ഓരോ വിദ്യാലയങ്ങളുമാണ്. അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതിൽ ഇന്നത്തെ പാഠപുസ്തകങ്ങൾ വഹിക്കുന്ന പങ്കും നിസ്തുലമാണ്. 'വിജ്ഞാനം വിരൽത്തുമ്പിൽ' എന്ന ആശയം ഐ.ടി അധിഷ്ഠിത പഠനത്തിലൂടെ ഇന്ന് ക്ലാസ് മുറികളിൽ അനന്ത സാധ്യതകൾ ഒരുക്കുന്നു.

മടിക്കൈ ഗവൺമെന്റ് ഹയർസെക്കന്ററി വിദ്യാലയത്തിലെ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ഇതിന് ഉത്തമ മാതൃകയാണ്. ഈ സംരംഭത്തിന് നേതൃത്വം നൽകിയ കൈറ്റ്സ് മിസ്ട്രസ്മാർക്കും കുട്ടികൾക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ നൽകുന്നതിനോടൊപ്പം ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ,
GHSS മടിക്കൈ

Head master
Higher Secondary School
Madikai
P.O. Achikanam-671531



മടിക്കൈ ഗവ: ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന "ഡിജിറ്റൽ മാഗസിന്" എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനും അത് ഡിജിറ്റൽ രൂപത്തിൽ തയ്യാറാക്കുന്നതിനും മുൻകൈയ്യെടുക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന് എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു.

ടി. രാജൻ.
പി.ടി.എ പ്രസിഡന്റ്
ജി.എച്ച്.എസ്.എസ്. മടിക്കൈ.

## പത്രാധിപ സമിതി അംഗങ്ങൾ

1.അശ്വിൻപി കെ
2.വിവേഷ്.പി
3 സായൂജ് പി പവിത്രൻ
4.ഋതുരാജ് കെ
5.സൂര്യ
6.രേവതി
7.മുനീറ

## ഉള്ളടക്കപ്പട്ടിക

പേജ് നമ്പർ


| | |
|---|---|
| ആമുഖം | 7 |
| ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ | 8 |
| ഒരു മൈസൂർ സുഗന്ധം | 9 |
| ഒരമ്മയും മക്കളും | 12 |
| എൻെറ ഗ്രാമം | 13 |
| അനുഭവകുറിപ്പ് | 14 |
| ഗണിതഗാനം | 15 |
| നുണ ബാലൻ | 16 |
| സൂപ്പർ സംഖ്യകൾ | 17 |
| വലുതേത് | 18 |
| സംഖ്യാകുടുംബം | 19 |
| 1089-ൻെറ സൗന്ദര്യം | 20 |
| ഒരു ചുംബനം കൂടി | 21 |
| പ്രകൃതി ദുരന്തം | 22 |
| പഴഞ്ചൊല്ലുകൾ | 25 |
| ഭൂമി | 26 |
| പ്രളയം | 27 |
| എന്റെ ഗ്രാമം | 30 |
| എന്റെ ഗ്രാമം | 30 |
| ഗ്രാമത്തിലൂടെ | 32 |
| ധരിത്രി കാത്തിരിക്കുന്നു | 33 |
| കടങ്കഥകൾ | 34 |
| എന്റെ ഗ്രാമം | 35 |
| അക്ഷര വെളിച്ചം | 36 |
| കോടമഞ്ഞുതേടി കുടജാദ്രിയിലേക്ക് | 37 |
| ഇരുൾ വീഴും മുമ്പേ | 39 |
| എന്റെ നാട് | 42 |
| കാലന്റെ കൈയ്യൊപ്പ് | 42 |
| കാറ്റ് പറഞ്ഞ കഥ | 44 |
| സ്നേഹസൗഹൃദം | 48 |
| എന്റെ ഗ്രാമം | 49 |
| അമ്മേ....മാപ്പ് | 50 |
| ഭാഷയും ഗണിതവും | 52 |
| രങ്കന്റെ കൃഷി | **53** |
| കുഞ്ഞിക്കിളിയും പാമ്പും | 54 |
| ചിറകടിപ്പിക്കാം | 55 |
| കഥാനിരൂപണം | 56 |
| ഓണം അന്നും ഇന്നും | 58 |
| പഴഞ്ചൊല്ലുകൾ | 60 |
| ഭൂമി | 61 |
| എന്റെ ഗ്രാമം | 62 |
| എന്റെനാട് | 63 |
| വർണന | 64 |
| ഗണിതനുറുങ്ങുകൾ | 65 |
| മാന്ത്രിക ചതുരം | 66 |
| വിട്ടുപോയ സംഖ്യ | 67 |
| ഗണിതപഴഞ്ചൊല്ലുകൾ | 68 |
| റോമൻ അക്കൾ | 69 |
| മാന്ത്രിക ചതുരം | 70 |
| ഏഴുവിധം | 71 |
| അനുഭവക്കുറിപ്പ് | 72 |
| പ്രതിജ്ഞ | 73 |
| ഞാനാണ് ത്രികോണം | 74 |
| വൃദ്ധസദനം | 75 |
| ക്വിസ് | 76 |
| എന്റെ ഗുരുവായൂർ യാത്ര | 76 |
| പൂച്ചയുടെ മനസ് | 79 |
| വൃദ്ധസദനം തേടുമ്പോൾ | 80 |
| നന്ദി | 83 |

## ആമുഖം

വിസ്മയകരവും അനിർവചനിയവുമാണ് മനുഷ്യൻെറ സർഗശേഷി.മനുഷ്യവംശത്തിൻെറ പ്രയാണചരിത്രത്തിൽ യുഗങ്ങളായി വെളിച്ചം കാട്ടിയത് ഈ സൃഷ്ടിശകക്തി തന്നെയാണ് . ഭിന്നമാർഗങ്ങളിലൂടെ വ്യത്യസ്തരൂപങ്ങളിലൂടെ അത് മനുഷ്യജീവിതത്തെസമ്പന്നവും സുന്ദരവും പുരോഗമനപരവും ആക്കി മാറ്റുന്നു. ജീവിതത്തിൻെറ കർമമണ്ഡലങ്ങളിൽ വൈവിധ്യമാറുന്ന പ്രത്യക്ഷപ്പെടുന്ന സർഗവൈഭവത്തിൻെറ പ്രസാദാത്മകമായ ഒരു മുഖമാണ് സാഹിത്യം. വൈജ്ഞാനികരംഗത്ത് അനുദിനം കുതിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിസമൂഹത്തിൻറ ഒരു ചെറുചുവടുവെപ്പായി ജി .എച്ച് .എസ്.എസ് മടിക്കൈയുടെ ഒരു ഡിജിറ്റൽ മാഗസിൻ. വിദ്യാർത്ഥികളുടെ സർഗാത്മകഴിവുകൾക്കുള്ള വേദിയൊരുക്കലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത് .മാറാലകൾക്കിടയിൽ കുടുങ്ങിപോയ കേരളീയ വിദ്യാഭ്യാസമേഖലയുടെ ഉയർത്തെഴുന്നേൽപ്പിൻെറ ചുവടുകൾക്കാണ് ഇന്ന് നാം സാക്ഷ്യം വഹിക്കുന്നത് . നിരക്ഷരതയുടെ കൊടിയ ആഴങ്ങളിൽ നിന്ന് സാക്ഷരതയിലേക്ക് ഉയർത്തപ്പെട്ടിട്ടും പരിമിതികളാൽ നിർഭരമായിരുന്ന കേരളീയ വിദ്യാഭ്യാസം . വിവിധങ്ങളായ സർഗാത്മകശക്തികളുള്ള ഒരു സമൂഹം അന്ന് അന്യമായിരുന്നു . എന്നാലിന്ന് നിരക്ഷരതയുടെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് നമ്മെ സംസ്കാരസമ്പന്നതയുടെ അത്യുയരത്തിൽ പ്രതിക്ഷ്ഠിച്ചത് വിദ്യാഭ്യാസമാണ്. അനുദിനം വളർന്നുവരുന്ന വിദ്യാഭ്യാസരംഗത്ത് സർഗാത്മകഥയുടെവസന്തം തിർക്കാനുള്ള ശ്രമമാണിത് . ബഹുമുഖപ്രതിഭകളായ കുട്ടികളുടെ ഭാവനയിൽ ഉടലെടുത്ത സർഗാത്മക ഭാവനകൾ കഥകളായും കവിതകളായും യാത്രാവിവരണങ്ങളായും ചിത്രങ്ങളായും ലേഖനങ്ങളായും വിവരണങ്ങളായും ഈ ഡിജിറ്റൽ മാഗസിനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.ഇളം മനസ്സിൽ ചാലിച്ചെടുത്ത ഈ സൃഷ്ടികൾക്ക് പല പോരായ്മകളും ഉണ്ടായേക്കാം. ഞങ്ങളുടെ എളിയ ഉദ്യമത്തിന് നിങ്ങളുടെ അനുഗ്രഹശിസുകൾക്ക് വേണ്ടി ഏവർക്കുമായി സമർപ്പിക്കുന്നു.

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# ഒരു മൈസൂർ സുഗന്ധം

ഉറങ്ങാൻ കണ്ണുകളനുവദിച്ചില്ല. മനസ്സിന്റെയെവിടെയോ മൈസൂർ എന്ന പേരില് രാത്രിയുടെ ആത്മാവ് തോരണം ചാർത്തുന്നത് പോലെ എനിക്കു തോന്നി. ഞാൻ പുലർച്ചെ 5 മണിക്കായി കാത്തു നിൽക്കുകയായിരുന്നു. ക്ലോക്കിലെ സൂചി മുന്നോട്ടുപോകുന്തോറും അതിനെ ആരോ പുറകോട്ട് വലിക്കുന്നതായി തോന്നി. ക്ലോക്കിലെ സെക്കന്റ് സൂചി പോലും ഓടാൻ പിശുക്ക് കാണിക്കുന്നു. നിലാവ് ജനൽപാളികളിലൂടെ തലോടിക്കൊണ്ടിരുന്നു. നിലാവിൽ ജനാലയിൽ പതിഞ്ഞു കാണുന്ന തെങ്ങോലയുടെ നിഴൽ രാത്രിയുടെ മുടിയിഴകളായി എനിക്ക് തോന്നു. ഹാ എന്തുരസം ! എന്തൊരു  സൗന്ദര്യമാണ് ഈ രാവിന് ! പെട്ടെന്ന് 5 മണിയുടെ അലാറാം മുഴങ്ങി. ഞാൻ ഒരു കഴുകനെപ്പോലെ ക്ലോക്കിലേക്കുനോക്കി. സമാധാനത്തോടെ ഒന്നു നെടുവീർപ്പെട്ടു. 6 മണിയോടു കൂടി ഞാൻ സ്കൂളിലെത്തി. അപ്പോഴേക്കും കൂട്ടുകാരെല്ലാം ബസ്സിൽ കയറിയിരുന്നു. ഞാനെന്റെ പ്രിയ കൂട്ടുകാരനോടോപ്പം സ്ഥാനമുറപ്പിച്ചു. ബസ്സ് മുന്നോട്ടോടാൻ തുടങ്ങി. ബസ്സിലെ ഗാനലഹരിൽ കൂട്ടുകാരെല്ലാം നൃത്തം വയ്ക്കുന്നു. രാത്രിയുറങ്ങാതിരുന്ന എന്റെ കണ്ണുകൾ കാറ്റിന്റെ ശക്തിക്കൊണ്ട് ഇടയ്ക്കിടെ അടുഞ്ഞു പോകുന്നു. ഉച്ചയോടുക്കൂടി ഞങ്ങൾ മൈസൂർ പാലസിലെത്തി. ചരിത്രശേഷിപ്പുകളുടെ ഒരു കലവറ തന്നെയായിരുന്നു അത്. ടിപ്പു സുൽത്താന്റെ വസ്ത്രം പോലും ഞങ്ങൾ നേരിട്ട് ദർശിച്ചു . അത്ഭുതം കൊണ്ടോ അശ്ചര്യം കൊണ്ടോ എന്നറിയില്ല എന്റെ കണ്ണുകൾ ആ ഒരു ദൃശ്യചാരിതയിൽ എനിക്ക് നഷ്ടപ്പെട്ടതു പോലെ പ്രതീതമായി. ഓരോ വസ്തുവും ഓരോ പെയിന്റിംഗും കാണുമ്പോൾ എന്റെ അകക്കണ്ണ് സപ്തവർണ്ണങ്ങളോടു കൂടി പ്രകാശിച്ചു.

പാലസിയിൽ നിന്ന് 'സൂ'വിലേക്ക് പോകാൻ അധ്യാപകൻ ഡ്രൈവറോട് നിർദേശിച്ചു. അങ്ങനെ വന്യജീവികളധിവസിക്കുന്ന വനമല്ലാത്ത ഒരിടത്തേക്ക് ഞങ്ങൾ കയറിച്ചെന്നു. ഓരോ ജീവിവർഗത്തെയും വ്യത്യസ്തമായി പാർപ്പിച്ചിരിക്കുന്നു. ആദ്യം കണ്ടത്  തത്തക്കൂട്ടത്തെയായിരുന്നു. കഴുത്തിൽ ചുവന്ന വലയങ്ങളും ചുവന്ന ചുണ്ടുമുള്ള തത്തകൾ മനസ്സിന് കുളിരണിയിപ്പിക്കുന്ന ഒരു ദൃശ്യമായിരുന്നു. പിന്നെ വാനാരന്മരുടെ സമൂഹത്തെയായിരുന്നു കണ്ടത്. ഓരോ വാനരന്മാരും പലതിരക്കിലാണ് വാനരസമൂഹത്തെ കണ്ടപാടെ ഞങ്ങളൊണ് പരസ്പരം നോക്കി. അങ്ങനെ പരസ്പരം നോക്കിക്കൊണ്ട് കൂട്ടിനകത്തുള്ള വാനരന്മാർക്ക് ഓരോ പേര് വീതം നൽകി. ചിലരുടെ പേരു വിളിക്കുമ്പോൾ വാനരന്മാർ നോക്കിച്ചിരിക്കുന്നു;ഒരു അർഹതയുള്ള പുരസ്കാരം ലഭിച്ച സന്തോഷത്തോടെ. കടുവയും,സിംഹവു,ആനയും ,ജിറാഫും, കരടിയുമൊക്കെ ഒരത്ഭുതമായി എന്റെ കണ്ണുകളിൽ മിന്നിമറഞ്ഞു. ശ്രവണ പരിചയം മാത്രമുള്ള സാക്ഷാൽ ആനാക്കൊണ്ടപ്പോലും അവർണനീയമായ കാവ്യ മൊഴിയായി കണ്ണുകളിൽ അലയടിച്ചു കൊണ്ടേയിരുന്നു. അവിടെ നിന്ന് പുറത്തിറങ്ങുമ്പോഴേക്കും എന്റെ ഓരോ ശ്വാസത്തിലും അവിശ്വാസത്തിന്റെ കണികകളുണ്ടായിരുന്നു പിന്നീടൊരു ബുദ്ധ ക്ഷേത്രത്തിലേക്കായിരുന്നു പുറപ്പെട്ടത്. വലിയൊരു മല ചുറ്റിവെണം അവിടെയെത്താൻ. ക്ഷേത്രത്തിലെത്തുമ്പോഴേക്കും ഇരുട്ട് അന്തരീക്ഷ മറഞ്ഞിരുന്നു അപ്പോഴും വൃദ്ധനായ സൂര്യന്റെ നരബദിച്ച താടി എത്തി നോക്കുന്നതു പോലെയായി തോന്നി. പെട്ടെന്ന് ശരവേഗത്തിൽ ഒരു മേഘപാളി ആ താടികളിൽ വന്നമർന്നു. അങ്ങനെ ദിവാകര സാന്നിദ്ധ്യവും ഇല്ലാതായി. ക്ഷേത്രദർശനത്തിനു ശേഷം അവിടെ നിന്ന് പുറപ്പെട്ടു. ആ കുന്നിൻ ചരിവിൽ നിന്ന് മൈസൂർ പട്ടണം വിശാലമായി കാണാമായിരുന്നു ആകാശം ഭൂമി യിലും ഭൂമി ആകാശത്തും നിൽക്കുന്നതു പോലെ. ആകാശവും ഭൂമിയും തുല്യ സൗന്ദര്യതിത്തോടെ വിരാചിക്കുന്ന കാഴ്ച്ച. രാജാരവിവർമ്മയുടെ ചിത്രം ശോഭയെക്കാളും ജ്വലിച്ചു നിൽക്കുന്ന അനന്തസൗന്ദര്യമുളവാകികുന്ന ഒരു ദൃശ്യം തന്നെയായിരുന്നു അത്. തണത്ത കാറ്റിൽ ഉറക്കം എന്നെ മാടി വിളിച്ചു. രാത്രിയുടെ അനന്ത

സൗന്ദര്യത്തിൽ സ്വപ്നസാക്ഷാത്കാരത്തിന്റെ ആനന്ദലഹരിയിൽ തണുത്ത കാറ്റിന്റെ മന്ദഹാസത്തിൽ എന്റെ കണ്ണുകൾ വിടർന്നു.
മൈസൂരിനെയൊപ്പിയെടുത്ത് കണ്ണുകളിലൊതുക്കി വെച്ചഅവർണനീയ സൗന്ദര്യം സ്പന്ദിക്കുന്ന കാഴ്ചകൾ എന്റെ കണ്ണുകളിൽ നിന്നും ഞാനെന്റെ മനസിലേക്ക് ഒഴുക്കിവിട്ടു. ആ അനുഭവധാര ഓർമ്മകളുടെ ഓളമായി മാറുകയും ആ രാവ് ഓർമ്മകളുടെ തീരമായി പരിണമിക്കുകയും ചെയ്തു. കൊച്ചു മനസ്സിൽ നിറദീപത്തിന്റെ ദീപ്തി!

**നിഖിൽ.കെ**

# ഒരമ്മയും മക്കളും

രാമദർശൻ നമ്പ്യാർ പി,10 ബി

സർവം സഹയാകും ഭൂമിയാമമ്മയ്ക്കും
സാർവലായകമാകുന്ന ക്രോധം
സന്താനങ്ങൾ തൻ കുസൃതിത്തരങ്ങളെ
സാന്ത്വനിപ്പിക്കാൻ ഒരമ്മയ്ക്കാകും
മക്കൾ വളർന്നു വലുതായിട്ടും
മാതാക്കും നൽകാൻ മധുരമില്ലേ
അമ്മതൻ കണ്ഠത്തിലലിയുന്ന മാലയും
അരുവികൾ പൊട്ടിക്കാൻ ശക്തിവന്നോ
അമ്മതൻ അമൂല്യരഹിതമാം ചേലയെ
കീറിയെറിയുവാൻ ധിക്കാരമോ
അമ്മതൻ നേത്രത്തിൽനിന്നുതിരുന്നൊരു
അശ്രുവിനേക്കാൾ തീക്ഷ്ണമെന്ത്
ശപിച്ചീലിതുവരെ,യെങ്കിലും അമ്മതൻ
അണപൊട്ടിയൊഴുകുന്ന കണ്ണീരിതാ
ഒരു രൗദ്രചിഹ്നമായി നമ്മുടെകൺമുന്നിൽ
സംഹാരതാണ്ഡവമാടിടുന്നു
സർവ്വചരാചരങ്ങളുമവരുടെ
കർമ്മഫലമനുഭവിച്ചീടും
മനസ്സിലെ മാലിന്യമാകുന്ന ചിന്തകൾ

വെള്ളത്തിലൊഴുകിയകന്നിടുന്നോ
അലയടിച്ചെത്തുന്ന കരുണയും മൂല്യവും
മനതാരിലിപ്പോൾ സുഗന്ധമായോ
യാതൊരുഭേദവുമില്ലാതെകേവലം.

## എന്റെ ഗ്രാമം

സുന്ദരമായ ഗ്രാമമാണ് എന്റേത്.എൻെറ വീടിൻെറ ജനലയിലൂടെ പുറത്തേക്ക് നോക്കിയാൽമനോഹരമായ കാഴ്ചകൾ കാണാൻ പറ്റും.കാണാത്തകാഴ്ച്ചകളെ കാണാൻ  കൊതിക്കുന്ന മലനിരൾ.എന്തോകണ്ട് അമ്പരന്നു നിൽക്കിന്നതെങ്ങിൻക്കൂട്ടങ്ങൾ.ദാഹിച്ച വലഞ്ഞ പൂമ്പറ്റമുറ്റത്തെ ചെമ്പരത്തിയോട് തേൻകുടിക്കാൻ സമ്മതം ചെതിക്കുന്നതു പോലെ അതിരാവിലെ ഇടവഴിയികളിലൂപുലിനെ മഞ്ഞിൻെറ വെൺപാടുക്കൊണ്ട് മറച്ചിരിക്കുന്നു.അതിലൂടെ നടക്കുമ്പോൾ പുല്ലുകൾ കുട്ടിമുട്ടുമ്പോഴുള്ള ശബ്ദം.കാഴേക്കു നോക്കുനോക്കിയാൽ നെൽച്ചെടികൾ ഇളം കാറ്റിൽ അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കുന്നതുപോലെതോന്നും. പാറയുടെചെരുവിൽ നിന്ന് പാട്ടുപാടിവരുന്നഅരുവി. പലതരത്തിലുള്ളപൂക്കൾ.



റിതുരാജ് കെ 9 എ

അശ്വതി , 9 ബി

# അനുഭവക്കുറിപ്പ്

നമ്മുടെ സ്കൂളിൽ നിന്ന് സയൻസ് വിഷയത്തെ ആസ്പദമാക്കി ഒരു ക്വിസ് മത്സരം ഒൺലൈനിൽ നടത്തി. അതിൽ നിന്ന് എൻെറ സ്കൂളിൽ നിന്ന് 6 കുട്ടികളെ തിരഞ്ഞെടുത്തു. നമ്മൾ നെഹ്റു ആർട്സ് & സയൻസ് കോളേജിലേക്ക് പോയി. അവിടെ കുറെ സ്കൂളിലേയും കുട്ടികൾ വന്നിരുന്നു. അവിടെ എൻെറ സ്കൂളിൽ നിന്ന് രണ്ട് ആൺകുട്ടികളും നാല് പെൺകുട്ടികളും പോയിരുന്നു.അവിടെ എത്തിയപ്പോൾ ഒരു മാഷ് വന്ന്നമ്മളെ 6 പേരെയും കുട്ടിക്കൊണ്ടുപോയി നമ്മൾക്ക് ഫയലും പേനയും ബുക്കും തന്നും. ആദ്യമായി ഉദ്ഘാടനമായിരുന്നു. ആദ്യദിവസം തന്നെ ഫിസിക്സിൻെറ ക്ലാസായിരുന്നു. ആദ്യമായി പരീഷണശാലയിൽനിന്ന് കുറെ പരീഷണം കാണിച്ചുതന്നു അത് എനിക്ക് വളരെ അധികം ഇഷ്ട്ടപ്പെട്ടു.അതുകഴിഞ്ഞ് കെ.വി.മുരളി സാർ ക്ലാസെടുത്തു.അവിടത്തെ ഭക്ഷണം എനിക്ക് വളരെ അധികം ഇഷ്ട്ടപ്പെട്ടു.അന്ന് രാത്രി ബഹിരാകാശത്തെകുറിച്ചുള്ള ഒരു സിനിമ കാണിച്ചുതന്നു അത് എനിക്ക് വളരെ അധികം ഇഷ്ട്ടപ്പെട്ടു.പിറ്റെ ദിവസം കെമിസ്ട്രിക്ലാസായിരുന്നു. ആദ്യം തന്നെ തിയ്യറിക്ലാസായിരുന്നു. അതുകഴിഞ്ഞ് പരീഷണശാലയിൽ

ആയിരുന്നു ക്ലാസ്. അവിടെ ഞങ്ങൾക്ക് കുറെ കാര്യങ്ങൾ അറിയാൻ സാധിച്ചു. പിന്നിട് ഇന്നലെ ഉണ്ടായ ക്യാമ്പ് നല്ലതാണോ എന്ന് ഞങ്ങളോട് പറയാൻ പറഞ്ഞു. കുറച്ചുകുട്ടികൾ പോയി പറഞ്ഞു. അതുകഴിഞ്ഞ് ഒരു ലാബിൽപോയി. മൂന്നാം ദിവസമാണ് എനിക്ക് വളരെ ഇഷ്ട്ടപ്പെട്ടത്.അന്ന് ബയോളജി ക്ലാസായിരുന്നു. ആദ്യം തന്നെ ലാബിൽ പോയി. മരിച്ച ജീവികളുടെ ശരീരമായിരുന്നു അവിടെ കാണിച്ചുതന്നത്.അവിടെ നിന്ന് എനിക്ക് കുറെ കുട്ടുകാരെകിട്ടി.ഇതുവരെ എനിക്ക് ലഭിച്ച ക്യാമ്പിൽനിന്ന് എറ്റവും നല്ല ക്യാമ്പാണിത്.അവിടെനിന്ന് എനിക്ക് കുട്ടുതൽ പഠികാനായി.ഇനിയും ഇതുപോലുള്ള ക്യാമ്പുകളിൽ പങ്കെടുക്കാൻ കഴിയട്ടെ.........

സായൂജ്. പി. 9 എ

## ഗണിത ഗാനം

പത്തു പച്ചതത്ത മരക്കൊമ്പിലിരിക്കെ
അതിഞ്ച് അലൊന്നുപാറി ബാക്കിയെണ്ണം ഒമ്പത്
ഒമ്പത് പച്ചതത്ത മരക്കൊമ്പിലിരിക്കെ
അതിലൊന്നുപാറി ബാക്കിയെണ്ണം എട്ട്
എട്ട് പച്ചതത്ത മരക്കൊമ്പിലിരിക്കെ
അതിലൊന്നുപാറി ബാക്കിയെണ്ണം എഴ്
എഴ് പച്ചതത്ത മരക്കൊമ്പിലിരിക്കെ
അതിലൊന്നുപാറി ബാക്കിയെണ്ണം ആറ്
ആറ് പച്ചതത്ത മരക്കൊമ്പിലിരിക്കെ
അതിലൊന്നുപാറി ബാക്കിയെണ്ണം അഞ്ച്
അഞ്ച് പച്ചതത്ത മരക്കൊമ്പിലിരിക്കെ
അതിലൊന്നുപാറി ബാക്കിയെണ്ണം നാല്
നാല് പച്ചതത്ത മരക്കൊമ്പിലിരിക്കെ

അതിലൊന്നുപാറി ബാക്കിയെണ്ണം മൂന്ന്
മൂന്ന് പച്ചതത്ത  മരക്കൊമ്പിലിരിക്കെ
അതിലൊന്നുപാറി ബാക്കിയെണ്ണം രണ്ട്
രണ്ട് പച്ചതത്ത  മരക്കൊമ്പിലിരിക്കെ
അതിലൊന്നുപാറി ബാക്കിയെണ്ണം ഒന്ന്

ശിവനന്ദന

## നുണബാലൻ

ഇത് നുണപാലൻ എന്നു വിളിക്കുന്ന നുണഗോപാലൻ.

അങ്ങനെവിളിക്കുന്നതെന്തു കൊണ്ടാണെന്നല്ലെ? നുണകഥകൾ പറയുന്നതിൽ ഇത്രയും വിരുതനായ ഒരാളെ മറ്റെവിടെയും കാണില്ല അതുകൊണ്ട് തന്നെ നിമിഷനേരം കൊണ്ട് നുണപാലൻെറ നുണകഥകൾ നടോട്ടാകെ പരക്കും എങ്ങനെയെന്നല്ലെ തൻെറ കൈയിൽ കിട്ടിയ നുണകഥകൾ 5 മിനിട്ടുകൊണ്ട് ഗോപാലൻ 2 പേരോട് പറയും നുണകേട്ട ആ 2 അടുത്ത 5 മിനുട്ടിനുള്ളിൽ  2 പേരെ വീതം കണ്ട് നുണപരന്നാൽ  2 മണിക്കൂറിനുള്ളിൽ ആ നുണഎത്രപേരിൽ എത്തിച്ചേരും നമുക്കൊന്ന് ആലോചിച്ച നോക്കാം.

ആദ്യത്തെ 5 മിനുട്ട് കൊണ്ട് ഗോപാലൻെറ നുണ 2 പേർ അറിയുന്നു.10 മിനിട്ട്കൊണ്ട് പുതിയ   4  പേർ ഇങ്ങനെ 2 മണിക്കൂർ ആകുമ്പോഴോ ആകെ എത്രപേർ 1+2+4+8........ $2^2$  ആണല്ലോ. അതായത് $2+2+2^3+2+......+2^2$ ഇതെത്രയാണെന്നറിയാമോ 33554431 പേർ ഇത് കേരളത്തിലെ ഇപ്പോഴത്തെ ജനസംഖ്യയെക്കാൾ കൂടുതലാണ് നുണ മണിക്കൂർ

കൊണ്ട് കേരളം മുഴുവൽ വ്യാപിച്ച് പുറത്തു പോവുമോ.?

മിഥുല

## സൂപ്പർ സംഖ്യകൾ

ആയിരക്കണക്കിന്
വർഷങ്ങൾക്കുമുമ്പുതെന്ന
സംഖ്യാപ്രേമികളെ
ആകർഷിച്ചു കൊണ്ടിരിക്കുന്ന
ഒരിനം സംഖ്യകളാണ് അഭാജ്യസംഖ്യകൾ.
2,3,5,7,11...................... തുടങ്ങിയ സംഖ്യകൾ
അഭാജ്യസംഖ്യകളാണ്. 331,3331 എന്ന സംഖ്യയും അഭാജ്യ-

സംഖ്യയാണ് .3333333331 എന്ന സംഖ്യവരെ ഇത്തരം

സംഖ്യകൾ അഭാജ്യമാണ്. ഇത്തരം സംഖ്യകളാണ് സൂപ്പർ അഭാജ്യസംഖ്യകൾ.

7,73,739,7393,73939,739391,7393913, 73939133

എന്നിവ സൂപ്പർ സംഖ്യകളാണ്

ശ്രീലയ

## വലുതേത് ?

9 8 7 6 5 4 3 2 1 1 2 3 4 5 6 7 8 9
8 7 6 5 4 3 2 1 1 2 3 4 5 6 7 8
7 6 5 4 3 2 1 1 2 3 4 5 6 7

6 5 4 3 2 1 1 2 3 4 5 6
5 4 3 2 1 1 2 3 4 5
4 3 2 1 1 2 3 4
3 2 1 1 2 3
2 1 1 2
1 1

വിവേഷ്

9-A

## സംഖ്യാകുടുംബം

ഒന്നാം ക്ലാസ്സിൽ ഗോവു '1'നെ പിടിച്ച് പുസ്തകത്തിൽ വച്ചു. ഒന്നും ഒന്നും കൂടി രണ്ടായി. രണ്ടും ഒന്നും കൂടി മൂന്നായി

അങ്ങനെ എണ്ണൽ സംഖ്യകളുടെ കുടുംബം ഉണ്ടായി .

രണ്ടാം ക്ലാസിൽ ഗോപു '2'നെ പിടിച്ച് പുസ്തകത്തിൽ വച്ച രണ്ടും രണ്ടും കൂടി നാലായി നാലും രണ്ടും കൂട്ടി ആറായി അങ്ങനെ ഇരട്ടസംഖ്യകളുടെ കുടുബം ഉണ്ടായി .മൂന്നാം ക്ലാസിൽ ഗോപു വീണ്ടും '1'നെ പിടിച്ച് പുസ്തകത്തിൽ വെച്ച .ഒന്നും രണ്ടും കൂടി മൂന്നായി . മൂന്നും രണ്ടുംകൂടി അഞ്ചായി. അങ്ങനെ ഒറ്റ സംഖ്യകളുടെ കുടുബം ഉണ്ടായ നാലാം ക്ലാസിൽഗോപു ഇന്ത്യക്കാരുടെ സംഭാവനയായ'0'യെ കൂടി ഈ കുടുംബങ്ങളുടെ കൂടെ കൂട്ടി അങ്ങനെ അഖണ്ഡ സംഖ്യകളുടെ കുടുബം ഉണ്ടായി .

അശ്വിൻ , 9 ബി


## 1089 ൻെറ സൗന്ദര്യം

1089 * 1 = 1089

1089 * 2 = 2178

1089 * 3 = 3267

| | | | |
|---|---|---|---|
| 1089 | * | 4 | = 4356 |
| 1089 | * | 5 | = 5445 |
| 1089 | * | 6 | = 6534 |
| 1089 | * | 7 | = 7623 |
| 1089 | * | 8 | = 8712 |
| 1089 | * | 9 | = 9801 |



വിവേഷ് 9 എ

## ഒരു ചുംബനം കൂടി

*നാലുകെട്ടിൻ പടിവാതിൽക്കലിരുന്നവൾ*
*ചക്രവാള സീമയെ ഉറ്റുനോക്കി*
*ഉമ്മറത്തിണ്ണയിൽ രണ്ടുതിരിയിട്ട*
*വിളക്കിനെനോക്കിയിരുന്നവൾ തേങ്ങി*
*ടിവിയിൽ കാണുന്ന കണ്ണീർകളികണ്ട്*

*കാപട്യമില്ലതെ പൊട്ടിക്കരയുന്നൊരമ്മ*
*സൂര്യനുദിക്കും മുൻപേഴുന്നേറ്റ്*
*കുളിച്ച് തലയിൽ തുളസിക്കതിരും ചൂടി വരുന്നമ്മ*
*ചൂട്കല്ലിൽ വിരിയുന്ന ദോശപ്പൂക്കൾ*
*സ്വാദോടെ എൻ വായിൽ വച്ചുതരുന്നൊരമ്മ*
*വീടിൻെറ വിളക്കായ ചിരിയുടെ നറുങ്ങാ*
*എൻെറ കണിയായ, നാവിലെ രുചിയായ*
*വീടിൻ പ്രകാശമായൊരെൻ ദൈവം.*
*ആകാശത്തിൻ അനന്തതയിലേക്ക് മറഞ്ഞു*
*തീയിൽപ്പൊതിഞ്ഞ് ആളിപ്പടർന്നു*
*പുജാമുറിയിലെ കെടാവിളക്കിതരികിലിരിക്കുന്ന*
*ചിതാഭാസ്മയി മാറി..........*
*അവസാനമായി ഞാൻ ഒന്നുവിളിച്ചോട്ടേ*
*ഒരുവട്ടം 'എൻെറ അമ്മേ'..........*
*അവസാനമായി ഞാൻ ഒന്നുചോദിച്ചോട്ട*
*ഒരുവട്ടം ഒരു ചുംബനം കൂടി*

*ഭാവന കെ വി*

# പ്രകൃതി ദുരന്തം

## വെല്ലുവിളികളും പരിഹാരമാർഗങ്ങളും.

## പ്രകൃതി ക്ഷോഭിക്കുമ്പോൾ......

പ്രകൃതി അമ്മയാണ് വരദാനമാണ് പണ്ട്ക്കാല
ത്തിൻെ വാമൊഴിയാണ് പ്രകൃതി കാട്ടുമേട്ടും ചോലകളും
പക്ഷികളും പഴങ്ങളും മരങ്ങളും നാമും അടങ്ങുന്ന പ്രകൃതി വാഴ്ത്താനും വാഴ്ത്തപ്പെടാനും
അർഹിക്കപ്പെട്ടിരുന്ന പ്രകൃതി ഇന്ന് ക്ഷോഭിക്കുകയാണ് അലറുകയാണ്.
വരണ്ടുണങ്ങിയും വെട്ടിനശിച്ചും മേലാസകലം മുറിവുകളുമായി വേദനയമർത്തി
പിടിച്ച് ആ അമ്മ കഴിയുമ്പോൾ ചില നിമിഷങ്ങളിൽ പൊട്ടിത്തെറിക്കും പ്രകൃതി
ദുരന്തമായി. കാഴ്ച്ചയുടെ കുളിർമയും നിശബ്ദതയെ ഇടയ്ക്കൊന്നു
വെല്ലുവിളിക്കുകയും ചെയും മനുഷ്യരെ പോലെ അതിജീവനത്തിനായി അതു
പൊട്ടിച്ചിതറും മഴയും ഉരുൾപ്പൊട്ടലും സുനാമിയും പ്രളയവും തുടങ്ങി അനേകം
ദുരന്തങ്ങളായി സാഹിത്യകാരന്മാരുടെ പോലും വർണ്ണന പാത്രമായ ആ
തരുണീമണി ഇന്ന് തീര്ത്തും ദുഖിതയാകുകയാണ് ഇളം നിലാവിന്റെ
ചാരുതയിൽ വന്യമായ തന്റെ സൗന്ദ്യര്യം ആരെയും ആകർഷിക്കുന്ന
ദേവിയാകുന്നു. പ്രകൃതി എത്രയോ പ്രവിശ്യം ശരീരം വ്രണത്തിൽ മുങ്ങിയെങ്കിലും
ഉയർത്തെഴുന്നേൽപ്പിന്റെ പൊൻപ്രഭ മിനിച്ചൊരുന്നു ആ പ്രകൃതിക്കിന്ന്
എന്തുപ്പറ്റി ?

“കാടെവിടെ മക്കളെ
മേടെവിടെ മക്കളെ
കാട്ടുപുൽ തകിടയുടെ
കുളിരെവിടെ മക്കളെ”-എന്ന് അയ്യപ്പപണിക്കർ മാനവരോട് ആരായുമ്പോൾ
നഷ്ട്ടപ്പെട്ടു പോയി കൊണ്ടിരിക്കുന്ന തന്റെ സൗന്ദര്യത്തെ
കുറിച്ച് പൊട്ടിക്കരഞ്ഞുക്കൊണ്ട് പ്രകൃതി പേമാരിയുണ്ടാകുന്നു .

മനുഷ്യനാണ് പ്രകൃതി ഇന്നത്തെ അവസ്ഥയ്ക്കു കാരണം തന്റെ
അനുദിനാവശ്യത്തിനു മാത്രമായല്ല സുഗഭോഗത്തിനു വേണ്ടി വരെ അവർ പ്രകൃതി
മാതാവിനെ വ്രണപ്പെടുത്തുന്നു മരം മുറിച്ചും കാട് വെട്ടിത്തെളിച്ചും
വെള്ളം വറ്റച്ചും മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കുന്നു വയൽ നികത്തലും
കുന്നിടിക്കലും പ്രകൃതിയുടെ മുഖചായ മാറ്റുന്നു കാലത്തിന്റെ കുത്തൊഴുക്കിൽ
വൻകിട വ്യവസായശാലകളും വൻ കെട്ടിടങ്ങളും കുന്നിനെയും വയലിനെയും
കൈയ്യടക്കുമ്പോഴും അവൾ തേങ്ങി പ്രകൃതി ക്ഷോഭിക്കുന്നത് ഇതിലൂടെയാണ്
അനുവദനീയമായതിൽ കൂടുതൽ കൈകടത്തുമ്പോൾ അത്യാർത്തിയുടെ

ശൃംഗങ്ങളിൽ കയറി യന്ത്ര കൈകാളാൽ അതിന്റെ ജീവനെ കാലാന്റെ കൈകളിലേൽപ്പിക്കുമ്പോൾ അതിനൊരു താക്കിതും നൽകി പ്രകൃതി വരാറുണ്ട് പ്ലാസ്റ്റിക്ക് മാലിന്യങ്ങളും പാഴ്‌വസ്തുക്കളും പ്രകൃതിയുടെ മടിത്തട്ടിലാണ് ചെന്നു വീഴുന്നത് മാനവർക്ക് മാത്രമല്ല പ്രകൃതിയിൽ അവകാശമുള്ളത് ഓരോ പുൽക്കൊടികൾക്കും അവകാശമുണ്ട് വൈക്കം മുഹമ്മദ് ബഷീർ തന്റെ ഭൂമിയുടെ അവകാശികളിൽ പരാമർശിക്കുന്നതു പോലെ ഓരോ പുൽക്കൊടിക്കും പ്രകൃതിയിൽ അവകാശമുണ്ട് ബഷീർ ഒരു പ്രകൃതി സ്നേഹിയായ കഥാകൃത്തായി മാറുന്നുണ്ട് പ്രകൃതി ഇന്ന് ഒരുപ്പാട് വെല്ലുവിളികളും ദുരിതങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്നുണ്ട് മരം മുറിക്കുമ്പോൾ അതിന്റെ ഓരോ ശിഖിരങ്ങൾക്കും മുറിവേൽക്കുന്ന വയൽനികത്തലും കുന്നിടിക്കലും പുഴനികത്തലും മലിന്യങ്ങൾ വലിച്ചെറിയലും വൻകിട കെട്ടിടങ്ങളുടെയും വ്യവസായശാലകളുടെയും വരവും പ്രകൃതി നേരിടുന്ന വെല്ലുവിളികളാണ് ഇതിലൂടെതന്നഭൂമുഖത്ത്പല പ്രശ്നങ്ങളും ഉണ്ടാകാറുണ്ട് കേരളം തന്നെ ഇത്തരത്തിൽ ഇതിന്റെ പ്രത്യാഘാതം അനുഭവിച്ചിട്ടുണ്ട് പ്രളയം ചുഴറ്റി എറിഞ്ഞിട്ടുള്ളതാണ് കേരളത്തെ മരങ്ങൾ മുറിക്കുന്നതിലൂടെ മണ്ണിന്റെ ബലം നഷ്ടപ്പെടുന്ന തന്മൂലം ഉരുൾപ്പൊട്ടലുണ്ടാകുന്ന വെള്ളത്തിനിറങ്ങാൻ ചതുപ്പു നിലങ്ങളില്ലാത്തതിനാൽ നഗരങ്ങൾ വെള്ളത്തിനടിയിലാകുന്ന തീർത്തും നിലവിളിക്കുന്ന പ്രകൃതിയുടെ വന്യമായ രൂപമാണ് കേരളത്തെ നടുക്കിയപ്രളയമായി മാറിയത് ഇത്തരത്തിൽ ഇന്നനുഭവിക്കുന്ന വേദനകളും യാതനകളും പീഡനങ്ങളും ഒഴിവാക്കി പച്ചപ്പിന്റെ പുതിയ ലോകത്തേക്ക് പ്രകൃതിയെ എത്തിക്കേണ്ടതുണ്ട് ചങ്ങമ്പുഴ വരികളിൽ തെളിഞ്ഞു നിൽക്കുന്ന -;

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകകാന്തിയിൽ മുങ്ങിമുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി -;

എന്ന പ്രകൃതിയെ ഉയർത്തെഴുന്നേൽപ്പിക്കണം .പ്രകൃതി ദുരന്തങ്ങളിൽ നിന്ന് വഴിമാറി നടക്കാനും പ്രകൃതിയെ കരുതലോടെ തഴുകനും ഒരു ജനതയുണ്ടയിരിക്കണം ഇല്ലെങ്കിൽ വരും തലമുറകളുടെ അതിജീവനത്തെ അത് പ്രതിക്കുലമായി ബാധിക്കും.

ഒ.എൻ.വി കുറിച്ചിട്ടുണ്ട് -;
ഇനിയും മരിക്കാത്തെ ഭൂമി
നിന്നാസന്നത്തിമൃതിയിൽ
നിനകൊരാത്മശാന്തി -;   പ്രകൃതി എന്ന വരദാനത്തെ കാക്കുകയും
പരിചരിക്കുകയും ചെയ്യണം. അതിനെ വ്രണപ്പെടുത്തുമ്പോഴാണ് അത്
ദുരന്തമായി പരിണമിക്കുന്നത് പ്രത്യാഘാതം താങ്ങാനാവുകയുമില്ല

ഭാവന കെ വി ,10 ബി

## പഴഞ്ചൊല്ലുകൾ

1.അകത്തു കത്തിയും പുറത്തു പതിയും

2.അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല

3.ഏട്ടിലെ പശു പുല്ല് തിന്നുകയില്ല

4.ഏറെക്കറന്നാൽ

5.ഏറെ ചിത്രം ഓട്ടപാത്രം

6.കക്കാൻ പഠിച്ചാൽ നിൽക്കാനുപഠിക്കണം

7.കടന്നൽ കൂട്ടിൽ കല്ലെറിയരുത്

8.ആനവായിൽ അമ്പഴങ

9.ആനയ്ക്ക് തടിഭാരം ഉറുമ്പിന് അരിഭാരം

10.ആളുവില കല്ലുവില

11.ആനകൊടുത്താലും ആശകൊടുക്ക രുത്

12.ആഴമുള്ള വെള്ളത്തിൽ ഓളമില്ല

13.ഏറെച്ചിരിച്ചാൽ ഊറിക്കരയും

14.ഏറെ പ്രിയം അപ്രിയം

15.പാല പൂത്താൽ പാമ്പിനോളം

16.വിത്തു ഗുണം പത്തു ഗുണം

17.കാക്കത്തൊള്ളായിരം

18.കാക്കകുളിച്ചാൽ കൊക്കാകുമോ?

19.കാക്കക്കൂട്ടിൽ കല്ലെറിയുക

20.അരിയെറിഞ്ഞാൽ ആയിരം കാക്ക

21.കോഴിയെവളർത്താൻ കുറുനരിയെ ഏൽപ്പിക്കുക

22.ഒരു കോഴികൂകിയാൽ നേരം പുലരില്ല

23.ഒരു കടയിൽ രണ്ട് കച്ചോടം

24.കടുക് ചോരുന്നത് കാണുന്ന ആന ചോരുന്നത് കാണുന്നില്ല

25.ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം

26.ആർക്കാനും വേണ്ടി ഓക്കാനിക്കുക

27.ഒരു കൈകൊണ്ട് കൊടുത്തത് മറുകൈകൊണ്ട് വാങ്ങരുത്

28.ഒരു കമ്പിൽ പിടിച്ചാലും പുളികമ്പിൽ പിടിക്കണം

29.ഉണ്ട ചോറ്റിൽ കല്ലിടരുത്

30.എഴുതാപ്പുറം വായിക്കരുത്

31.എറിഞ്ഞകല്ലും പറഞ്ഞവാക്കും തിരിച്ചെടുക്കാൻ കഴിയില്ല

32.ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും

33.ഒന്ന് പിഴച്ചാൽ മൂന്ന്

34.അടുത്തവനെ കെടുത്തരുത്

35.ചത്തുകിടന്നാലും ചമഞ്ഞുകിടക്കും.

അതുല്യ.എം

# ഭൂമി

നിലാവിന്റെ നീല കനവുകളിൽ
മഴചോർന്നു പുഴ ചോർന്നു
നിനവുകളിൽ മഴയില്ലാ കോരി
ചൊരിയുവാനും  പുഴയില്ല
കളകള മോതുവാനും
കാറ്റില്ല കടലില്ല കാടുകളുമില്ല
മരമില്ല,മലയില്ല,മേഘങ്ങളുമില്ല
കുളമില്ല കുളിരില്ല കുയിലുകളുമില്ല
ഭൂമിക്ക് മാത്രമായി ഒന്നുമില്ല
ഈ ഭൂമിക്ക് മാത്രമായി ഒന്നുമില്ല
നേരില്ല നെറിയില്ല മനുഷ്യർ തൻ ജൻമങ്ങൾ
ഭൂമിക്കുഭാരമായി വന്നിടുമ്പോൾ
ഭൂമിതൻ സങ്കടം കണ്ണീർ പുഴയായി
കുത്തിയൊലിച്ചിടുമ്പോൾ
ഭൂമിതൻ സൗന്ദര്യ ഭംഗിതാൻ
മനുഷ്യർക്കെതിരായി വന്നിടുമ്പോൾ
പുഴകൾ കവിയുന്നു മലകൾ പിളരുന്നു
പ്രളയമായി വന്നു ഭവിച്ചിടുന്നു.

നിധിന രാജൻ

# പ്രളയം

ആധുനികകേരളംനേരിട്ടഏറ്റവുംവലിയപ്രതിസന്ധിയാണ് പ്രളയം.ലോകത്തിന്റെനാനാഭാഗത്തും പ്രകൃതിദുരന്തൾ താണ്ഡവമാടിയിരുന്നു.എങ്കിലും ഒരു തിരിച്ചടികളുംനേരിടാത്ത വർത്തമാനകേരളം പ്രളയത്തിലും പേമാരിയിലും തകർന്നചെന്നൈ,മുംബൈ,ഹിമാചൽഎന്നിവിടങ്ങളിലെല്ലാം പ്രളയംനാശനഷ്ടങ്ങൾവിതച്ചെങ്കിലുംഅതിലെല്ലാംഅവർപകച്ചുപോയെങ്കിലുംദൈവത്തിന്റെസ്വന്തംനാടായകൊച്ചുകേരളംമത്സ്യത്തൊഴിലാളികളായ നാവികസേനയും കരങ്ങളിൽ ഭദ്രമായിരുന്നു.പേമാരിയായും കൊടുംകാറ്റായും സുനാമിയായുമൊക്കെ പ്രകൃതിദുരന്തങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും കൊടുമ്പിരികൊള്ളുന്നു.പ്രകൃതിയെ നാം ആരാധിച്ചിരുന്ന കാലമുണ്ടായിരുന്നു.സൂര്യ-ചന്ദ്രന്മാരെ ദൈവങ്ങളായികണ്ടു.പ്രകൃതിക്ഷോഭത്തെ നാം ഭയപ്പെട്ടു.അത് ഒരു കാലം ലോകം കണ്ടതിൽ വച്ച് ഏറ്റവും വലിയ ദുരന്തം ഏറ്റുവാങ്ങിയത് കൊച്ചുകേരളമായിരുന്നു.കേരളത്തെ ഈ ദുരന്തത്തിലേക്ക് നയിച്ചത് ആവർത്തിച്ചു വന്ന കേരളീയരുടെ ക്രൂരഹത്യകൾ തന്നെയാണ്.മരങ്ങൾ മുറിച്ചും,കുന്നിടിച്ചും,വയൽനികത്തിയും,കരയുടെ കാവൽക്കാരായ കണ്ടൽക്കാടുകളെ പിഴുതെറിഞ്ഞും.തുടങ്ങി അനേകം ക്രൂരഹത്യകൾ പ്രകൃതിക്കുമ്മേൽ മനുഷ്യൻ ക്രൂരതകളുടെ താണ്ഡവമാടി.വികസനം എന്ന ഒരൊറ്റ ചിന്തയാൽ മാത്രം മുന്നോട്ടുപോയവർ.മരങ്ങളില്ലാത്ത കാടുകളില്ലാത്ത ഫ്ളാറ്റുകളും ഹൈവേറോഡുകളും തിങ്ങിവിങ്ങുന്നതിനെയാണ് വികസനം എന്നതു കൊണ്ടർത്ഥമാക്കിയത്.കാടുകളും മരങ്ങുമൊക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കേരളത്തിൽ അയപ്പണിക്കാരുടെ വരികൾ സത്യമാവുകയായിരുന്നു,

കാടെവിടെ മക്കളെ കൂടെവിടെ മക്കളേ
കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളേ

ഈ അവസ്ഥയിലേക്കായിരുന്നു കേരളത്തിന്റെ പോക്ക്.ഗ്രാമങ്ങൾവിട്ട് നഗരങ്ങളിലേക്ക് ചേക്കേറുമ്പോൾ ഫ്ളാറ്റ്സംസ്കാരത്തിലേക്ക് പൂർണമായി മാറുകയായിരുന്നു മിക്കവരും.ലോകത്തിന്റെ നാനാഭാഗത്തും വികസനത്തിനായി ചെയ്ത പാപഹത്യകൾ പ്രകൃതി ദുരന്തത്തിലാണ് കലാശിച്ചത്.മനുഷ്യജന്മത്തെ

വേരോട് പിഴുതെറിയരാൻ
ശക്തിയുള്ള ദുരന്തങ്ങൾക്കുള്ള വെല്ലുവിളികൾ മനമുഷ്യൻ ചെയ്യുത്
തന്നെയായിരുന്നു. കൺതുറന്നയുടനെ മനുഷ്യന് പൊൻപുലരി പകരാൻ വെമ്പുന്ന
ആദിത്യനും മഴയുടെ മന്ത്രനാദം മുഴക്കി മനുഷ്യമനസ്സുകളിൽ
കുളിരണിയിക്കാനൊരുങ്ങുന്ന കാർമേഘങ്ങളും തലയെടുപ്പോടെ നിന്ന്
സംഭരണികളായി വർത്തിക്കുന്ന മലകളും പ്രകൃതഹിയോട് കളിച്ചാൽ
തിരിച്ചടികളും എന്നതിനുള്ള ഉദാഹരണമാണ്
കൊടുംവരൾച്ചയുംപേമാരിയുംപ്രളയവുംമലവെള്ളപ്പാച്ചലുമൊക്കെപ്രകൃതിയുടെ
തിരിച്ചടികളാണിവയൊക്കെയും തന്നെ മനുഷ്യൻ മനുഷ്യനോടുതന്നെ ക്രൂരതകൾ
ചെയ്യുന്ന പിച്ചിച്ചീന്തുന്ന ഈ ആധുനികലോകത്ത് പിന്നെങ്ങനെ പ്രകൃതിയെ
അവൻ സ്നേഹിക്കും.എങ്ങനെ പ്രകൃതിയെ സംരക്ഷിക്കും പ്രകൃതിയോട് കളിച്ചാൽ
പ്രകൃതിതിരിച്ചടിക്കും പ്രകൃതിയോട് കളിച്ചാൽ പ്രകൃതിതിരിച്ചിക്കും എന്ന വസ്തുത
ആരും തിരിച്ചറിയുന്നില്ല പ്രകൃതി അമ്മയാണ് അവൾസർവ്വം സഹയാണ്
എങ്കിലും മനുഷ്യചെയ്തികൾ അതിരുകടക്കുമ്പോൾ മിണ്ടാതിരിക്കാൻ
അവൾക്കുകഴിയില്ല.പ്ലാസറ്റിക്കുമാലിന്യങ്ങൾ നാം
ജലാശയത്തിലേക്കും മറ്റും വലിച്ചെറിയുമ്പോൾ തിരിച്ച് അത് വീണ്ടും
കരയിലേക്കുതന്നെ പ്രവണതയാണ് കേരളം കണ്ടത്.
പ്രകൃതിധദുരന്തങ്ങൾക്കുള്ള ഏകപരിഹാരം എന്നത് പ്രകൃതിയെ
സ്നേഹിക്കുക,സംരക്ഷിക്കുക എന്നതാണ്.മനുഷ്യചെയ്തികൾ കുറച്ചാൽ തന്നെ ഒരു
പരിധിവരെ പ്രകൃതിദുരന്തങ്ങളെ തടയാൻ നമ്മുക്ക് കഴിയും.മരങ്ങൾ
വച്ചുപിടിപ്പിച്ചും,കുന്നുകളും പുഴകളും സംരക്ഷിച്ചും പ്രകൃതിയെ സ്നേഹിച്ചും
പ്രകൃതിയുടെ കോപത്തെ നമ്മുക്ക് നിയന്ത്രിക്കാം.പ്രകൃതിയോട് കളിച്ചാൽ
തിരിച്ചടികൾ ഭീകരവും അനേകവുമായിരിക്കുമെന്ന വസ്തുത ഓർമ്മിക്കാം.നമ്മുടെ
കൊച്ചുകേരളം നേരിട്ടത് പ്രകൃതിയുടെ വലിയൊരു
തിരിച്ചടികളിലൊന്നായിരുന്നു.ആധുനികലോകത്ത് വർധിച്ചുവരുന്ന ഇന്റർനെറ്റ്
ഉപയോഗം,പ്രകൃതിയോടുള്ള മനുഷ്യന്റെ ഇഴയടപ്പം നഷ്ടപ്പെടുന്നു.പ്രകൃതിയെ
സ്നേഹിക്കാനും സംരക്ഷിക്കാനും ഇന്ന് മനുഷ്യൻ മറന്നുകൊണ്ടിരിക്കുന്നു
എന്നതാണ് സത്യം.അച്ഛൻ കട്ട ജിമ്മിക്കിക്കമ്മലിനും അമ്മ കുടിച്ച
ബ്രാണ്ടിക്കുപ്പിയുടേയും പിറകേ ഓടിയ മനുഷ്യൻ പ്രകൃതിയെ ശ്രദ്ധിക്കാൻ
മറന്നു.ക്രൂരതകൾ അവസാനിപ്പിക്കാനും നന്മകൾ തുടങ്ങാനും മനുഷ്യൻ

മറന്നിരുന്നു.ഇനിയെങ്കിലും ക്രൂരതകൾ അവസാനിപ്പിച്ച് പ്രകൃതിയോട് ഇണങ്ങാനും സ്നേഹിക്കാനും ആധുനിക സമൂഹത്തിനു കഴിയട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം.

നന്ദന എം

## എന്റെ ഗ്രാമം

എന്റെ ഗ്രാമം വളരെ മനോഹരമാണ് .ധാരാളം പക്ഷികളും കൊണ്ട് സമ്പന്നമാണ്.എന്റെ വീടിനുതാഴെ ധാരാളം കവുങ്ങിൻ തോട്ടങ്ങളുമുണ്ട് രാവിലെ




അതിലൂടെ നടക്കുമ്പോൾ നല്ല മൂടൽമഞ്ഞായിരിക്കും ആ മൂടൽമഞ്ഞ് വെയിൽ വന്നാൽ മാത്രമേ ആ മഞ്ഞ് പോവുകയുള്ളു തൊട്ടടുത്ത് ഒരു പശുഫാംഉണ്ട് അവിടെ അമ്മ പശുവും കുഞ്ഞിപശുവുമടങ്ങുന്ന ഒരു കുടുംബമാണ്.ധാരാളം മരങ്ങളുമുണ്ട് പച്ച പുല്ലുകളിൽ തത്തിയിരിക്കുന്ന പുൽച്ചാടി. എന്റെ വീട്ടിലെ റോസാച്ചെടിയിൽ പൂമ്പാറ്റകൾ വന്നും പോയി കൊണ്ടും ഇരിക്കും  കുറച്ചകലെ ഒരു വലിയ തോടുണ്ട് അതിൽ പല തരം മീനുകളും ആ തോടിന്  വലിയ ആഴമുണ്ട് നിർത്താതെ മഴപെയ്താൽ മഴ വെള്ളം വരും വെള്ളം ഒഴുകുന്ന ശബ്ദം എന്റെ വീടിൽ കേൾക്കാൻ സാധിക്കും. ഓരോ മരങ്ങളിലും പക്ഷികളുടെ കൂടും അതിൽ കുഞ്ഞുങ്ങളും കാണും . അമ്മ ആടിനേയും കുഞ്ഞാടിനേയും ഞാൻ പുല്ലുതിന്നുവാൻ വേണ്ടി കൊണ്ടു പോകും . ആട്ടിൻകുട്ടിയെ എടുത്ത് കൊണ്ട് വന്ന്  പച്ച പുല്ല് കൊടുക്കും അത് ചവച്ച് തിന്നുന്നത് കാണാൻ നല്ല രസമാണ് .പറഞ്ഞു തീരാനാവാത്തത്ര മനോഹാരിതയുള്ള നാടാണ് എന്റെ ഗ്രാമം.

*വിസ്മയ.പി*

# ഗ്രാമത്തിലൂടെ...



വളരെമനോഹരമാണ് എൻെറ ഗ്രാമം.
രണ്ട് പുഴകളും ഒട്ടേറെ വയലുകളും
തെങ്ങുകളും കൗവുങ്ങുകളും
നിറഞ്ഞുനിൽക്കുന്ന ഒരുകൊച്ചുഗ്രാമമാണ്
എന്റെ ഗ്രാമം ഇടവിളകളായി
പച്ചക്കറികളും വാഴകളും തെങ്ങുകളും
നെല്ലും നട്ടുപിടിപ്പിച്ച് എന്നും
പച്ചപ്പ്നിറഞ്ഞതായിരുന്ന എന്റെ ഗ്രാമം
കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ
വരിവരിയായിവരുന്ന പ്രാവുകളും മറ്റു
പക്ഷികളെയും കാണുന്നത് ഒരു
കൗതുകകാഴ്ച്ചയാണ് ഈ വയലുകൾക്ക്
ഇടയിലൂടെ ഒഴുകുന്ന പുഴയുടെ ഇരുവശത്തും
ഒട്ടേറെ അത്തിമരങ്ങൾ തിങ്ങിനിറഞ്ഞു
നിൽക്കുന്നു ഈ മരങ്ങളിൽ പാർക്കുന്ന ചെറുപക്ഷികളും പൊൻമാനുകളും
ചെറുമത്സ്യങ്ങളെ പിടിക്കുന്നത്കാണാൻ അതിമനോഹരമാണ്
വയലുകളിൽവിളഞ്ഞു നിൽക്കുന്ന നെൽക്കതിരുകളിൽ വീണകിടക്കുന്ന
മഞ്ഞുതുള്ളികൾ സൂര്യകിരണങ്ങളാൽ സ്വർണമായിനിൽക്കുന്ന കാഴ്ച്ച ആരെയും
അതിശയിപ്പിക്കും എന്റെ ഈ മനോഹരമായ ഗ്രാമം ഇനിവരും തലമുറയ്ക്ക്
ഇതെപ്പോലെ ഉണ്ടാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

*അശ്വിൻ , 8 സി*

# ധരിത്രി കാത്തിരിക്കുന്നു !

ചുട്ടുപഴുത്ത വാനിൻ കീഴിലായി
ഇരുന്നു ഒരു വൃദ്ധൻ,ഏകനായ് വിഷാദത്തിൽ
അയവിറക്കുന്നുണ്ടയാൾ ഭൂതകാലത്തിൻ ശാന്ത
ഌനിലാവേറ്റു ഭൂമി ശയിച്ച നിമിഷങ്ങൾ...
ഹരിതമാം ചേലയുടുത്ത,വളയുടെ കണ്ഠത്തിലായി
ഹാരമായഴകോടെ ഒഴുകിക്കളിച്ചു നദി
കാലം മാറിയിരിക്കുന്നു,ഇന്നിതാ
കേഴുന്നു ധര വിഷാദത്തിൽ മഗ്നയായി
സ്വാർഥനാം മനുഷ്യന്റെ സ്വാർഥമാം പ്രവൃത്തികൾ
സംഹാരതാണ്ഡവമാടുന്നു;ധരിത്രിയിൽ
പൊട്ടിയൊടുക്കുന്നു രക്തഞരമ്പുകൾ
വറ്റിവരളുന്നു ഭൂമിതൻ കണ്ഠവും
ഭൂമിതൻ മരതകക്കാന്തിയെഴും കഞ്ചുകം
ഭൂരിഭാഗവുമിന്നു കീറിയെറിഞ്ഞോ നിങ്ങൾ?
കൗരവസദസ്സിൽ പണ്ടു പാഞ്ചാലി നേരിട്ട
ക്രൂരമാം പരിഹാസം വീണ്ടുമാവർത്തിക്കുന്നോ!
ശപിച്ചില്ല,ഇനി ശപിക്കുകയുമില്ലിവൾ
സ്വൽപുത്രരാകുമീ മനുഷ്യകുലത്തിനെ
പനിപിടിച്ചിന്നിവൾ പാനീയമില്ലാതെ
ദാഹിച്ചും മോഹിച്ചും കാത്തിരിപ്പൂ....
ഇനിയൊരു സുപ്രഭാതത്തിങ്കലെങ്കിലും
തന്നുടെ ദു:ഖങ്ങൾ മാഞ്ഞുപോകും
ഏതോ ഉണങ്ങിയ ശിഖിരത്തിൽ നിന്നും കേട്ടു
കോകിലത്തിൻ ഇടറിയ പുല്ലാങ്കുഴൽ നാദം,
എവിടെയോ ഒരിറ്റു കണ്ണീർക്കണം മാത്രം
ഭൂമിതൻ നാവിന്മേലാശ്വാസമായി മാറുന്നു!

രാമദർശൻ നമ്പ്യാർ,10 ബി

## കടങ്കഥകൾ

1.എല്ലില്ലാക്കിഴവി ഏഴാറും നീന്തും- കൃഷ്ണമണി.

2.രണ്ടമ്മയ്ക്കും കൂടി ഒരു തലയണ- വരമ്പ്

3.മണിയടിച്ചാൽ മലമ്പാമ്പോട്ടം- തീവണ്ടി

4.കണ്ടാൽ നല്ലൊരു ഓമലക്കുട്ടൻ ഉടുപ്പഴിച്ചാലാളില്ല- ഉള്ളി

5.കയ്ക്കും പുളിക്കും കുടുകുടെ മധുരിക്കും കണ്ണിമേലുണ്ണി മാങ്ങ- നെല്ലിക്ക

6.രണ്ട് വളപ്പ് അടിക്കാനൊരു ചൂല് - മുളക്കൂട്ടം

7.ഇലയില്ലാ മരത്തിൽ നിന്ന് പൂക്കൾ കൊഴിയുന്നു- നാളികേരംചിരയുക

8.മലയിൽ വാഴ നട്ടു. കടലിൽ വേരിറങ്ങി-സൂര്യൻ

9.ആരും തൊടാത്തൊരിറച്ചിക്കഷ്ണം- തീക്കനൽ

10.പുറമേ കാട്, അകമേ പാറ ഉള്ളിൽ ചോറ്-തല

11.തലയില്ല കണ്ണുണ്ട്  വയറുണ്ടൊരു പത്തായം- ഞണ്ട്

12.മണ്ണു കിളച്ചു ചീർപ്പെട്ടുത്തു- ഇഞ്ചി

13.എല്ലില്ലാ പക്ഷിക്ക് വാലിന്മേലെല്ല്- വഴുതിന

14.മുള്ളില്ലാത്ത മുളങ്കാട്ടിൽ എല്ലില്ലാത്തൊരു കുറുമ്പികുട്ടി- പേൻ

15.കാവലില്ലാത്ത  കൊട്ടാരത്തിൽ  കണക്കില്ലാത്ത മുത്തുകൾ- നക്ഷത്രങ്ങൾ

16.കൊച്ചുകാല് മെല്ലെ മെല്ലെ നീണ്ടകാല് വേഗംവേഗം- വാച്ചിലെ സൂചി

17.കൈയ്യിന് കോല് വായിന്  കൽക്കണ്ടം-കരിമ്പ്

18.മണ്ണിനുള്ളിൽ ചിറ്റുരുളി- ചേന

19.പാറപ്പുറത്തൊരു ഓന്തിരിന്നു- മൂക്ക്

സമ്പാദക:നിത്യ.എ

# എന്റെ ഗ്രാമം

എന്റെ ഗ്രാമം എന്റെ സ്വർഗമാണ്. സന്തോഷവും
സമൃദ്ധിയും സാഹോദര്യവും നിറഞ്ഞു തുളുമ്പുന്ന
പരസ്പരം സ്നേഹത്തോടെയും ബഹുമാനത്തോടെയും
ഉള്ള ജീവിതത്തിന്റെ സ്വർഗഗ്രാമം. സ്വർണ്ണനിറവേകി
നിൽക്കുന്ന ഉള്ള ജീവിതത്തിന്റെ മയിലുകളും മാനും
നിറഞ്ഞാടുന്ന താഴ്വരയിലാണ് എന്റെ കൊച്ചുവീട്.
എന്റെ ഗ്രാമത്തിന് കുറുകെ ഒഴുകുന്ന കുഞ്ഞുതോടും
പാടവും പാടത്തെ നെൽക്കതിർ നുണയുന്ന തത്തകളും
എന്റെ സ്വർഗത്തെ സമൃദ്ധമാക്കുന്നു. പാടത്തോടുചേർ-
ന്നുകിടക്കുന്ന പഴയനാലുകെട്ട് തറവാട് വീട് എന്റെ
ഗ്രാമത്തിന് എന്നും അലങ്കാരമാണ്. പഴമയിലേക്ക്
ഒരു തിരിഞ്ഞുനോട്ടമാണ് ആ തറവാട്.പയ്യ്കീടങ്ങളും
പക്ഷികളും എന്റെ ഗ്രാമത്തിന്റെ സ്വത്താണ്.

ശ്രീക്കുട്ടി എം
*8c*



*ശിവസൂര്യ*

## അക്ഷരവെളിച്ചം . . .

പുസ്തകത്താളുകൾ മെല്ലെ തുറക്കുമ്പോൾ
കാണാം നമ്മുക്കാ അറിവിൻ പൂന്തോട്ടത്തെ
അറിവിൻ മുത്തുകൾ കൊണ്ടാ പൂന്തോട്ട-
വേലികൾ കെട്ടിയിരിക്കുന്നു.
പൂമ്പാറ്റകൾപ്പോലെ പോകാം നമുക്കാ-
പൂന്തോട്ടത്തിലേക്ക്...
ആവോളം നുകരാംഅറിവിൻ
അക്ഷര വെളിച്ചം.........

ദിയകൃഷ്ണ.ടി
**8 എ**

# കോടമഞ്ഞുതേടി കുടജാദ്രിയിലേക്ക്...

വെക്കേഷൻ സമയത്ത് ചേച്ചി വന്നപ്പോഴാണ് കുടജാദ്രി യാത്രയെപ്പറ്റി സംസാരിക്കുന്നത് കേട്ടത്. ഒന്നു നോക്കിയില്ല എനിക്കും അവധിയായതിനാൽ ഞാനും ഇറങ്ങിപ്പുറപ്പെട്ടു.ഒരു വെള്ളിയാഴ്ച്ച രാത്രി 9:20 ന്റെ നേത്രാവതിയിൽ ട്രെയിനിൽ യാത്ര ആരംഭിച്ചു. ഞനും ചേച്ചിയും ചേച്ചിയുടെ കൂട്ടുകാരടക്കം ഞങ്ങൾ17 പേരായിരുന്നു ഞാൻ എല്ലാവരെയും പരിചയപ്പെട്ടു. കൂട്ടത്തിൽ ഏറ്റവും ചെറിയകുട്ടിഎന്നപരിഗണനനെയുംഎനിക്കു ലഭിച്ചു. പലർച്ചെരണ്ടരയ്ക്ക് ഞങ്ങളെ ബൈന്തൂരിയിൽ ട്രെയിനിറങ്ങി. അവിടെനിന്നും നേരെ സൗപർണികയിലേക്ക്. സൗപർണികയിൽ മുങ്ങി കുളിക്കണമെന്ന അനിയായ ആഗ്രഹമുള്ളതിനാൽ തണുപ്പിനെ വകവയ്ക്കാനെ ഞങ്ങൾ സൗപർണകയിൽ കുളിച്ചുകയറി അപ്പോഴേക്കും ഞങ്ങൾ മുൻപേ പറഞ്ഞുറപ്പിച്ച ജീപ്പ് വന്നിരുന്നു. അവിടെ നിന്നും നേരെ മൂക്കാംമ്പികയിൽ മെന്ന് ഒരു ക്ലോക്ക്റൂമെടുത്ത് ലഗേജ് അവിടെ വച്ച് ഞങ്ങൾ കാത്തിരുന്നും ഞങ്ങളുടെ ലക്ഷ്യസ്ഥനത്തേക്ക് തിരിച്ചു. അവിടെക്കുള്ള ഓഫ് റോഡ് യാത്ര അതികഠിനവും ഭയപ്പെടുത്തുന്നതുമായിരുന്നു കാത്തിരിപ്പിനൊടുവിൽ ഞങ്ങൾ അവിടെ എത്തിച്ചേർന്നു. "കുടജാദ്രി" "മഹാമദനിയാണ് " "ശാന്തമായൊരു ഗസനെപോലെ "എവിടെയോ വായിച്ചത് ഒർമ്മവന്നു. അനെ വർണിക്കാനാവുന്നതിലും മനോഹരമായിരുന്നു കുടജാദ്രി. കോടമഞ്ഞ് ഞങ്ങളെ വരവേറ്റു. നാഗതീർത്ഥത്തിൽ ഇറങ്ങി ഞങ്ങൾ സർവ്വജ്ഞാനപീഠം ലക്ഷ്യമാക്കി നടന്നു. അവിടെ നിന്നു ഒരു പട്ടിയും വഴിക്കാട്ടിയായി കുടെക്കുടി ഫോട്ടോസ് എടുത്തു , കോടമഞ്ഞ് അസ്വദിച്ചും ഞങ്ങൾ സർവ്വജ്ഞപീഠം കയറി അവിടെ നിന്നും കയ്യിൽ കരുതിയിരുന്ന ഭക്ഷണം ഞങ്ങൾ പങ്കുവെച്ച് കഴിച്ചു . അവിടെ വരെ നടന്ന ക്ഷീണമൊക്കെമാറി.ഞങ്ങൾ ചിത്രമൂല ലക്ഷ്യമാക്കി നടന്നു. അട്ടയുടെ കിക്ക് ഒരു ക്ഷമവും ഉണ്ടായിരുന്നില്ല മുൻക്കൂട്ടി കയ്യിൽ ഉപ്പ് കരുതിയതുകൊണ്ട് രക്ഷപ്പെട്ടു പോന്നു ഞാൻ പ്രതിഷതിലും മനോഹരമായിരുന്ന "ചിത്രമൂല"പാറകെട്ടിലൂടെ ഒഴുകിവരുന്ന ശദ്ധമായ ജലത്തിന്റെ രുചി ഞാൻ അവോളം ആസ്വദിച്ചു.ശങ്കരാചാര്യൻ തപസനുഷ്ട്ടിച്ച പാറക്കെട്ടിന് മുകളിലെ ആ ഗുഹയിലേക്ക് എല്ലവരും കയറുന്നുണ്ടായിരുന്നു. ഞാൻ

ആദ്യമെന്നും ഭയന്ന കാലെന്ന  തെന്നിയീൽ എല്ലാം അവസാനിച്ചു. പക്ഷേ എല്ലാവരും പറഞ്ഞ് സമാധാനിപ്പിച്ചപ്പോൾ ഞാന കയറി. പാറക്കെട്ടിലൂടെ ഒഴുകി വരുന്ന വെള്ളം പൂവിട്ടു നിൽക്കുന്ന ചെടിയും നയനമനോഹര കാഴ്ച്ചതന്നായിരുന്ന അവിടെ നിന്നും വീണ്ടും ഞങ്ങൾ സർവ്വത്തെപീഠത്തിലെത്തി കുറച്ചു നേരം വിശ്രമിച്ചു . ലഘു ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ യാത്ര തുടർന്നു. "Hindnulmane falls"ആയിരുന്ന അടുത്ത ലക്ഷ്യം. കുടജാദ്രിയിലെ മലനിരകൾ കയറിയിറങ്ങി ആകെ തളർന്നു പോയിരുന്നു. ഇടയ്ക്ക് വിശ്രമിച്ചുക്കൊണ്ട്  യാത്ര തുടർന്ന "Hindnulmane falls" നെ പറ്റി കൂടയുള്ളവർ പറഞ്ഞു കേട്ടപ്പോൾ അവിടെയെത്താൻ തിടുക്കമായി. അട്ടയുടെ കടിയും വഴുതി  വീഴറനവുന്ന പാറകെട്ടുകളും വകവയ്ക്കാതെ ഞങ്ങൾ അവിടെ എത്തിചേർന്നു. ഭമിയിൽ ഒരു സ്വഗമുണ്ടെങ്കിൽ അന്ന് ഇതുതന്നെയാണ് എന്ന് ഞൻ  മനസിൽ  വിവരിച്ചു. പാറകെട്ടിൽ തട്ടി ചിന്നിവിതറി വിഴുന്ന വെള്ളത്തിന് കീഴിൽ ഞാൻ ഇറങ്ങി നിന്നു. മനസും ശരീരവും ഒന്ന് തണുപ്പിച്ചു അല്പ്പം വിശ്രമിച്ചു. ഒഴുകി നീങ്ങുന്ന വെള്ളത്തിനൊപ്പം ഞങ്ങൾ നടന്നു. അവസാനം ഒരു ഗ്രാമത്തിൽ എത്തിചേർന്നു. ചില കവിതകളിൽ കവിഭാവന വർണിക്കാറുള്ള അതേഗ്രാമം. വയലുകളുടെ നടവിൽ ഒരു കൊച്ചു വീട്. ഞങ്ങൾ ആ വിട്ടിൽ വെന്ന് കുറച്ചു നേരം വിശ്രമിച്ചു. അവിടെ നിന്ന് മോര് വാങ്ങി കഴിച്ചു. ആ സ്ഥലത്തു നിന്നു ബസ് സർവീസുകൾ ഒന്നു ഇല്ല അകെയുള്ള ജീപ്പ് മാത്രമാണ്. അവിടെ നിന്ന് ഒന്നരമണിക്കൂർ നടന്നാൽ മാത്രമേ ബസ് ലഭിക്കുന്നസ്ഥലത്തെത്തുകയുള്ളൂ എല്ലാവരും ആകെ തളർന്നത് കൊണ്ട് ജീപ്പ് തന്നെ സ്വികരിച്ചു. നെട്ടൂർ വരെ ജീപ്പിൽ പോയി അവിടെ നിന്നു കൊല്ലൂർ വരെ ലൈൻ ബസിലും. ബസിൽ നിന്നുമിറങ്ങി ലഗേജ് ഒക്കെ എടുത്ത് ഒരു റൂമെടുത്ത് ഫ്രഷായി മൂകാബിക അമ്പലത്തിലെക്ക് പോയി കാത്തിരിപ്പിനൊടുവിൽ മൂകാബികാദേവിയെയും തൊഴുത് അവിടെ നിന്നും ഭക്ഷണം കഴിച്ചു. എല്ലാവരോടും ഇത്രയും മനോഹരമായൊരു യാത്രയ്ക്ക് നന്ദി അറിയിച്ച്, മടക്കയാത്ര ആരംഭിച്ചു ....

യാത്രാവിവരണം.  ഹർഷൻ എസ് , 10 ബി

## ഇരുൾ വീഴും മുമ്പേ

ലാസ്റ്റ് ബസ്സെങ്കിലും കിട്ടിയാൽ മതിയായിരുന്നു ജിഷ സ്വയം മന്ത്രിച്ചു. ഉറങ്ങിക്കഴിഞ്ഞ സൂര്യൻെറ അരണ്ടവെളിച്ചം എങ്ങും നിഴലുകൾസൃഷ്ടിച്ചു. ണി. ണി. ണി. ണി.ബസ്സിൻെറപുറപ്പെടൽ അറിയിച്ചുകൊണ്ട് മണി മുഴങ്ങി തൻെറ നാട്ടിലേക്കുള്ള അവസാനബസാണത്.അത് തനിക്ക് കിട്ടിയേ മതിയാകൂ. നിഷ സ്വയം മറന്ന് ഓടാൻ ശ്രമിച്ചു. അവിടെ അജ്ഞാതയുടെ വഴിമുടക്കിയായി നിന്നത് ഒരു കല്ലായിരുന്നു . നിഷ തെറിച്ചുവീണു.ബസ്സിൻെറ ശബ്ദം അകന്നുപോയി. അവൾ വേഗം എഴുന്നേറ്റു തൻെറ വെളുത്ത പേറ്റിൻെറ മുട്ടൽ ഒരു നാണയവട്ടത്തിൽ കാല് കാണാം. ചോരയുടെ മണവും ഇത്തിരിയുണ്ട്. പട്ടണമധ്യേ ബസ്സ്കിട്ടാതെ തനിച്ച് നിന്ന ഒത്തിരി പെൺകുട്ടികളുടെ നിശ്വാസം നിറഞ്ഞ് ഇളം കാറ്റ് അവളുടെ മുടിയിഴകളെ പാറിപ്പറപ്പിച്ചുകൊണ്ട് കടന്നുവരുന്നു. പുകയുന്ന അഗ്നികുണ്ഡത്തിൽ നിന്ന് സ്വയം നീറിപ്പുകയുന്ന ആ പെൺകുട്ടിക്ക് ഇത്തിരി ആശ്വാസം പകരാൻ ആകാറ്റിന് കഴിഞ്ഞു. അവൾ മുന്നിലെ വിചനമായ ബസ് സ്റ്റോപ്പിലേക്ക് നടന്നു. തൻെറ ശരീരഭാരം കൂടുന്നതായി അവൾക്ക് തോന്നി മുന്നിലെ ഇരിപ്പിടത്തിൽ അവൾ തൻെറ ശരീരഭാരം ഇറക്കിവച്ചു. അവൾ ചുറ്റും നോക്കി. അടുത്ത പിടികതിണ്ണയിലിരുന്ന് തന്നെ

വീക്ഷിക്കുന്ന കഴുകൻ കണ്ണുകളെ അവൾ ഭയത്തോടെ എതിരേറ്റു. ശ്വാസോച്ഛ്വാസങ്ങൾ നിലച്ച അവൾക്കരികിലേക്ക് ദീർഘനിശ്വാസത്തിൻെറ കുളിർക്കാറ്റുമായി ഒരമ്മ കടന്നു വന്നു. ഓമനത്ത്വം തുളുമ്പുന്ന ആ മുഖത്ത് അവൾക്ക് ആശ്വാസത്തിൻെറ കിരണങ്ങൾ കണ്ടെത്താനായി. അലിവൂറുന്ന സ്വരത്തിൽ അവൾ ചോദച്ചു. "മോളെങ്ങൊട്ടാ?" കുന്നംകുളത്തേക്ക്. "അയ്യോ കുന്നം കുളത്തേക്കിനി ബസ്സില്ലല്ലോ'' ഇല്ല നിഷയുടെ സ്വരത്തിൽ അളപൊട്ടിക്കിടന്ന കണ്ണീരിൻെറ ഈണമുണ്ടായിരുന്നു. അൽപനേരത്തെ ആലോചനയ്ക്ക് ശേഷം അവൾ ചോദിച്ചു. "മോളെൻെറ കൂടെ പോര്.എൻെറ വീടിവിടെ അടുത്താ. ഇന്നിവിടെ തങ്ങിയിട്ട് നാളെ രാവിലെ നിന്നെ കൊണ്ടുവിടാം" . ശരി ,നിഷ അവരുടെ കൂടെ പുറപ്പെട്ടു.പാതി വഴിയിലെത്തിയ അവൾ ചിന്തിച്ചു. താനെന്ത് മണ്ടത്തരമാണി കാണിച്ചത്.മുമ്പ് ഒരു പരിചയവുമില്ലാത്ത ഇവർ ഇവരെന്നെ എവിടേക്കായിരിക്കും കൊണ്ടുപോവുക. ചിലപ്പോൾ സാമാന്യം വലിപ്പമുള്ള ഒരു വീട്ടിലേക്ക് അവരവളെ കൊണ്ടുപോയി. ''എനിക്ക് ഒരു മോളാ അവരുടെ കല്ല്യാണം കഴിഞ്ഞു. ഇപ്പോ അങ്ങ് ഗൾഫിലാ അവളുടെ കെട്ട്യോനാടയാണേ... ജോലി. കല്ല്യാണം കഴിഞ്ഞ് അവളേം കൊണ്ട്പോയി.ഞാനിവിടെ തനിച്ചാ''. ആ അമ്മ തൻെറ വിടിലെ അന്തരിക്ഷം അവളോട് വിവരിച്ചു.എന്നാൽ അവളുടെ മനസ്സ് വാചാലമായിരുന്നു. അപരിചിതമായ ആ സ്ത്രീയുടെ സേനഹം അവളിൽ ഭയപ്പാടുകൾ സൃഷ്ടിച്ചു. അവൾ അവർക്ക് സാമാന്യം വലിപ്പമുള്ള ഒരു മുറി തന്നെ നൽകി.അവൾക്ക് മാറാൻ തൻെറ മകളുടെ ഒരു ചുരിദാറും നൽകി. ''മോള് കുളിച്ചോ; ക്ഷിണം കാണും''ആ സ്ത്രി തനിക്കായി നൽകിയ ആ മുറിയിലെ കട്ടിലിൽ ഒരാൾ ഇരിക്കുന്നു. തടിച്ച് ഷർട്ടും മുണ്ടും ധരിച്ച അയാളുടെ മുഖം കാണാൻ കഴിയുന്നില്ല. അവൾ ഭയംകൊണ്ട് വിറച്ചു. അയാൾ എഴുന്നേറ്റ് അവൾ- ക്കരിലേക്ക് നടന്നു ഒരു കൊടുംകാറ്റ് വരുന്ന പ്രതീതി.''അമ്മേ.... '' അവൾ ഉറക്കെ വിളിച്ചു. അടുത്ത് കിടന്ന അമ്മ ഞെട്ടി എണിറ്റു. എന്താ ''മോളേ'' അവൾ വിറയ്ക്കുന്നുണ്ടായിരുന്നു.

"നി വല്ല സ്വപനവും കണ്ടോ" ആ  അവൾ മൂളി. അപ്പോൾ ആശ്വാസതിരകൾ പോലെ കുളിർകാറ്റ് അവളെ പൊതിഞ്ഞു  അസ്തമിക്കാത്ത നന്മപോലെ അത് തുടർന്നു.... .

അഞ്ജിത ടി വി

## എന്റെ നാട്

നിറഞ്ഞൊഴുകുന്ന പുഴകളും തോടുകളും പച്ചപ്പ് നിറഞ്ഞ വയൽപ്പാടങ്ങളുമുള്ള മനോഹരമായ ഒരു നാട് . എന്റെ വീടിന് അടുത്തുള്ള കവുങ്ങിൻ തോട്ടത്തിനിടയിലൂടെ ഞാൻ എന്നും രാവിലെ നടക്കാറുണ്ട് ആ കവുങ്ങുകളിൽ പല പക്ഷികളും കൂട കൂട്ടിയിട്ടുണ്ട്. ആ പക്ഷികളുടെ കിളിനാദം കേട്ടുകൊണ്ട് ഞാൻ എന്റെ യാത്ര തുടരും. നിറഞ്ഞൊഴുകുന്ന പുഴകളിലൂടെ നീന്തിതുടിക്കുന്ന മീനുകളെ പിടിക്കാൻ നിൽക്കുന്ന പക്ഷികളും ഒരു സ്ഥിരം കാഴ്ച്ചയാണ്. ഇങ്ങനെ പറഞ്ഞു തീരാത്തത്ര മനോഹാരിതയുള്ള ഒരു നാടാണ് എന്റേത്.




അനാമിക കെ

മുനീറ പി വി
9 എ

## കാലൻെറ കൈയ്യൊപ്പ്

അരുതരുത് മനുജാ അരുതരുതിത്
അരുതാത്തതൊക്കെ അതിർകടന്നു
ചിരിക്കേണ്ട മനുജാ നീ കരയേണ്ട നേരമായ്
വരുന്നുണ്ട് ഞാൻ നിൻ കാലനായിട്ടെൻെറ
പ്രിയസഖി,പാവമാം പുഴയേ കൊന്നതിൻ
പകയുമായ് ഞാൻ വരും വന്നിരിക്
ഭൂമിയുടെ പുഴകളുടെ മലകളുടെപകയും
പകുതിതിന്ന പകലിൻെറ ദേഷ്യവുമായ്
പവിത്രമാമെൻ പ്രിയതമ പുഴയേ
മൃതമാക്കിമാറ്റി നി പാപിയായി
ചെവിയോർത്തു നോക്കു
കേൾക്കാം നിനക്കുനിൻ
മരണമൊഴിയുടെ മന്ത്രനാദം
എന്നമ്മയുടെ മടിയേ ചൂഴ്ന്നെടുത്തു
നീ കെട്ടിപ്പടുത്തൊരാ മണിമാളിക
ഉത്തുംഗഗോപുരശൃംഗങ്ങളിൽ നി
കുത്തി നിറച്ചൊരാപണമൊക്കെയും
വായു കടക്കാത്ത കാറുകളും
ആദ്യം തകർത്തു ഞാൻ നടമടിടും
നിൻ തലയിൽ കൂടിയക്കുമഹന്തയേ

നിർമാർജിച്ച കളയുവാൻ ശക്തിയോടെ
നീകൊന്ന പുഴയേ തിരിച്ചെട്ടക്കും
ഞാൻ നിൻെറ ഭ്രമിക്കുമുകളിൽ പുഴമാത്രമായ്-
ചിരിക്കേണ്ട മനജാ നി കരയേണ്ട നേരമായ് വരുന്നുണ്ട്
ഞാൻ നിൻ കാലനായി മൃതഭ്രമി കാണുവാൻ കൊതിയുമായി
നിൻ മരണചരിത്രം രചിക്കുവാനായ്
പെറ്റവയറിനെ പെരുവഴിയിലാക്കുന്ന
നീചമർത്യൻെറ ഉൻമൂലനത്തിനായി
വരുന്നുണ്ട് ഞാൻ നിൻ കാലനായി.

*അഞ്ജിത ടി വി*

## കാറ്റ് പറഞ്ഞ കഥ

താഴവരകളിലൂടെ.............

നീലഗിരി മലയിൽ നിന്നും കിഴക്കേദിക്കിലേക്ക് കാറ്റാഞ്ഞാടിക്കുന്നു. നീലകുറിഞ്ഞിയുടെ മനോഹരപരിമളവും പേറി ഒരു നർത്തികിയുടെ നടനത്തോടെ വീശുന്ന നീലഗിരിമലയുടെ ഇളം തെന്നലുകൾ ഏവരുടേയും ഹൃദയങ്ങളിൽ സുഖാനുഭ്രതികൾ നിറച്ചതായിരുന്നു.പക്ഷേ ഇന്ന് അതിന് പരിമളമില്ല ഇളം തലോടലുകളില്ല. തീരാദു:ഖം പേറി അത് ഒരു ഭ്രാന്തിയെപ്പോലെ നീലഗിരിയുടെ കിഴക്കേ ദിക്കിലുള്ള ഒരു കുരയിലേക്ക്

ആഞ്ഞടിച്ചുകൊണ്ടേയിരുന്നു. എന്നാൽ തന്റെ പ്രക്ഷുബ്ധമായ മനസിന്റെ അഗാധതയിലേക്ക് അയാൾ ഒന്നുമറിഞ്ഞില്ല. കൂരയുടെ മൂലയിൽ മകന്റെ ഫോട്ടോയും കെട്ടിപ്പിടിച്ച് അയാൾ ഒരു ഭ്രാന്തനെപ്പോലെ കിടക്കുകയാണ്. ഇടയ്ക്കിടെ ഫോട്ടോയിലേക്ക് നോക്കി ആർത്തുകരയുന്ന അത്രമാത്രം. അയാൾ നാരായണൻകുട്ടി. നീലഗിരിയുടെ കാവൽക്കാനാണദ്ദേഹം. നീലഗിരിയിലെ കാറ്റിന്റെ ഓരോ സ്പന്ദനവും അദ്ദേഹത്തിനുസ്പഷ്ടമാണ്. നീലഗിരിയുടെ സംരക്ഷണം സ്വമേധാ ഏറ്റെടുക്കുമ്പോഴും ആ വയോധികൻ പ്രതിഫലമൊന്നും പ്രതീക്ഷിച്ചില്ല .ഭാര്യയും മകനുമടങ്ങുന്ന തന്റെ കൊച്ചുകുടുംബത്തിന്റെ അത്രയും തന്നെ പ്രാധാന്യം ആ മലയ്ക്കും അദ്ദേഹം നൽകി. എന്നാൽ ഭാര്യ മരിച്ചപ്പോൾ നാരായണൻകുട്ടി ആകെ തകറ്ന്നു. ഭാര്യയുടെ മരണത്തിൽ തൊട്ടുമുമ്പുള്ള നിമിഷവും നീലഗിരിയിലൂടെ ഒരു ഭ്രാന്തിയെപ്പൊലെ കാറ്റ് ആർത്തിരമ്പിയിരുന്നു. ഭാര്യയുടെ പെട്ടന്നുണ്ടായ മരണത്തിൽ പകച്ചുപോയെങ്കിലും ജീവിതത്തിൽ തോറ്റുകൊടുക്കാൻ അദ്ദേഹം തയ്യാറായില്ല. തന്റെ ജീവിതത്തിന്റെ സ്പന്ദനമായ നീലഗിരിയുടെ താഴ്വരയിൽ രാവും പകലുമില്ലാതെ ഊണും ഉറക്കവുമില്ലാതെ അയാൾ കാവൽ നിന്നു. അതും ഗവൺമെന്റിൽനിന്നും ലഭിക്കുന്ന തുച്ഛമായ വരുമാനത്തിന്. തന്റെ മകനെ അമ്മയില്ലാത്ത ദുഃഖമറിയിക്കാതെ കഷ്ട്പ്പെട്ടു വളർത്തി. അസഹ്യമായ തണുപ്പും കൊടുംചൂടും നൽകി പ്രകൃതി അദ്ദേഹത്തെ പരീക്ഷിച്ചുകൊണ്ടേയിരുന്നു. പക്ഷെ അതിലൊന്നും അദ്ദേഹം തളർന്നില്ല. തന്റെ മകനെ ഒരുപാട് പഠിപ്പിക്കാൻ വേണ്ടി അവനെ വിജയങ്ങളിലേക്കുയർത്താനായി എല്ലാ പ്രതിസന്ധികളേയും അദ്ദേഹം ഒറ്റയ്ക്ക് തന്നെ തരണം ചെയ്തു. വർഷങ്ങൾ അനേകം കടന്നുപോയി. പ്രതിക്ഷിച്ചതുപൊലെ മകന് ഇന്ത്യയുടെ കാവൽക്കാരനായി പട്ടാളത്തിൽ തന്നെ ജോലി കിട്ടി. നാരായണൻകുട്ടി ഒരുപാട് സന്തോഷിച്ചു. പക്ഷേ ആ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല. ഒരു ദിവസം നീലഗിരിയിലേക്ക് പോകാനൊരുങ്ങിനിന്ന നാരായണൻകുട്ടി അടുത്തേക്ക് കുറേപേർവന്നു. ആരാ എന്താ എന്നറിയാതെ പകച്ചുനിന്ന അദ്ദേഹത്തിനോടവർ പറഞ്ഞു. അങ്ങാണേ മനോജിന്റെ അച്ഛൻ. ഒരു ഹൃദയവിങ്ങലോടെ അദ്ദേഹം പ്രതിവചിച്ചു. അതെ എന്താ അച്ഛാ മനോജ്.... മനോജ്.. മീരമൃത്യുപ്രാപിച്ചു. ആ ദുഃഖവാർത്ത കേട്ട് ബോധരഹിതനായി അദ്ദേഹം നിലം പതിച്ചു. പക്ഷെ വിളികൾ കെട്ടുണർന്ന അദ്ദേഹത്തിന് തന്റെ മകന്റെ ആത്മാവ് നീലഗിരിയുടെ ഇളം തെന്നലിൽ

അലിഞ്ഞുചേർന്നതായി അനുഭവപ്പെട്ടു.

ഭാവന കെ വി

## സ്നേഹസൗഹൃദം

മുറ്റത്തെ റോസാച്ചെടിയിൽ നിന്നും തേൻ നുകരുകയായിരുന്ന അവൾ. അവളുടെ ഉറ്റ സുഹൃത്തായ വണ്ട് ഇന്ന് എത്തിയില്ല.അവൾ ഏറെ ദുഖത്തിലായി.പെട്ടെന്നാണ് തന്റെ മറ്റൊരു സുഹൃത്തായ തേനീച്ച എത്തിയത്.അവളും വണ്ടിനെ തിരക്കി. ദൂരെയുള്ള മലമുകളിലാണ് വണ്ടിന്റെ താമസമെന്നറിയാം. അവർ അവനേയും തിരക്കി അവിടേക്ക് യാത്രയായി.

കൃത്യമായി വഴിയറിയില്ല.എന്നാലും ഒരു ഊഹം വെച്ചാണ് പോക്ക്. എന്നാൽ പോകും വഴിയിൽ പൂമ്പാറ്റയെ ഒരു കുട്ടി കൈക്കലാക്കി.അയ്യോ? ഇനിയെന്തു ചെയ്യും?

വണ്ടിനെ എങ്ങനെ തേടിപ്പിടിക്കും? അവൾ നിരാശയിലായി.കുട്ടികൾ അവളുടെ ചിറകിൽ അമർത്തിപ്പിടിക്കുമ്പോൾ അവൾ വേദന കൊണ്ട് പുളയുകയാണ് ചെയ്തത്. തേനീച്ച അവളെ രക്ഷിക്കാൻ ഒരുപാട് പണിപ്പെട്ടു. പക്ഷെ എല്ലാം പരാജയപ്പെട്ടു. ദു ഖത്തോടെ അവൾ തേനീച്ചയോടു പറഞ്ഞു, നീ ഒന്നുകൊണ്ടും വിഷമിക്കരുത്. നീ വണ്ടിനെ തേടിപ്പോകൂ.അവനോട് പറയണം,ഇനിയെന്നെ ഓർക്കരുതെന്ന്.നിന്റെ പൂമ്പാറ്റപോയെന്ന്. അവൾ വിതുമ്പി കരഞ്ഞു. നീ അങ്ങനെ പറയരുത്. നിന്നെ ആഗ്രഹിച്ചാണ് അവനിരിക്കുന്നത്. ഞാനവനെയും കൂട്ടി ഇവിടേക്ക് വന്ന് നിന്നെ രക്ഷപ്പെടുത്താം . തേനീച്ച സമാധാനിപ്പിച്ചു. ഒരു പൂന്തോപ്പിൽ നിന്ന് നമ്മെ ഒരുമിപ്പിച്ച ദൈവത്തിന് അത് തെറ്റായി തോന്നിയിട്ടുണ്ടാവും. അതു തന്നെ.അവൾ വീണ്ടും വിതുമ്പി. എന്നാൽ പിന്നെ ഞാൻ പോയി വരാം.തേനീച്ച മൊഴിഞ്ഞു.തേനീച്ച കണ്ണിൽ നിന്നും മറയുന്നതുവരെ അവൾക്ക് നോക്കിനിൽക്കാൻ കഴിഞ്ഞില്ല. കുട്ടികൾ അവളെ അകത്തേക്ക് കൊണ്ടുപോയി.പക്ഷെ പ്രതീക്ഷിക്കാതെ അത് നടന്നു.അവളെ കൈയിലെടുത്ത കുട്ടി കാൽ വഴുതി വീണു.ആ തക്കത്തിന് അവൾ സ്വതന്ത്രയായി.സന്തോഷത്തോടെ അവൾ വണ്ടിന്റെ വീട്ടിലേക്ക് യാത്രയായി.പക്ഷെ അവൾക്ക് ആയുസ്സ് കുറവാണ്.അത്ര ദൂരമൊന്നും പറക്കാൻ അവൾക്ക് കഴിയുമായിരുന്നില്ല.ദൂരം പറക്കുന്തോറും അവളുടെ ചിറകിന്റെ ബലം ശോഷിച്ചുകൊണ്ടിരുന്നു.അവൾ പാതിവഴിയിൽ തിരിച്ചുവരുന്ന വണ്ടിനെയും തേനീച്ചയെയും കണ്ടു. ഒരു നിമിഷം അവൾ തളർന്നു വീണു. വണ്ടും തേനീച്ചയും എത്ര വിളിച്ചിട്ടും അവൾ എഴുന്നേറ്റില്ല.ഒടുവിൽ അവൾക്ക് മനസ്സിലായി. വണ്ടിന്റെ മനംനൊന്ത് അവൻ കരഞ്ഞുകൊണ്ട് തിരിച്ചുവീട്ടിലേക്ക് പോയി. തേനീച്ചയും  അവളുടെ വീട്ടിലേക്ക് പോയി.ഒരു സ്നേഹം പൂർത്തിയാകുമ്പോൾ ഇതുപോലെ കഷ്ടതകളും ദുരിതവുമുണ്ടാകാതിരിക്കില്ല.മനുഷ്യനായാലും മൃഗങ്ങളായാലും പക്ഷിയായാലും.

ഗായത്രി ഏ എം, 8 സി

## താളുകൾ

കൊഴിയുന്ന ദിനങ്ങളും അനുഭവങ്ങളും
അതിനിടയിലൊരു ഡയറിക്കുറിപ്പ്
ആദ്യാക്ഷരത്തിനായി പുസ്തകത്താളുകൾ
എന്തെഴുതണമെന്ന് ഞാനും.
ഇന്നലെകളിലൂടെ കടന്നുപോയാൽ
നിഴലായി എന്നും ഓർമകൾ മാത്രം
നിറഞ്ഞുനിൽക്കുന്ന അനുഭവത്തിനിടയിൽ
ഇണക്കങ്ങളും പിണക്കങ്ങളും നിറഞ്ഞ
ചില നിമിഷങ്ങൾ

ഇന്നലെകളിലെ ഓർമകൾ
താളുകളിൽ നിറയുമ്പോൾ
നല്ലൊരുനാളേക്കായി താളുകൾ
ഇനിയും ബാക്കി......

കീർത്തന പി വി

## ചിത്രശലഭങ്ങൾ

ചിത്രശലഭമേ നീയിരിക്കും പൂവും
പ്രകൃതിയുമൊന്നുപോലെ
പണ്ട് പുഴുവായ് കഴിഞ്ഞകാലങ്ങൾ
നീ ഓർത്തെടുക്കാത്തതെന്തുകൊണ്ട്
പച്ചിലത്തുമ്പിൽ നീ പൂണ്ടിരുന്നകാലം
അന്ന് നീയിത്ര ഭംഗിയായിതോന്നിട്ടില്ല

പച്ചപ്പുഴുവെന്ന് കരുതി ഞങ്ങൾ
നിന്നെപ്പോലാകേണ്ട ശലഭങ്ങളെ
എത്ര ഞാൻ ചതച്ചുകൊന്നു
ഓർക്കാതെ ചെയ്തതാണു ഞാൻ
ജീവന്റെ കൊച്ചുശലഭങ്ങളെ.

വിസ്മയ.പി
8 സി



# എന്റെ ഗ്രാമം

വലിയകുന്നും മലകളുമുള്ള നാടാണ് എന്റെ ഗ്രാമം. എന്റെ ഗ്രാമത്തിൽ വികസനം ആരംഭിക്കുന്നതേയുള്ളൂ.അതിരാവിലെയാണ് പ്രകൃതിഭംഗി ആസ്വദിക്കാൻ പറ്റിയ സമയം. മുറ്റത്തൂടെ ഇറങ്ങിനടക്കുമ്പോൾ പച്ചപ്പുല്ലുകളിൽ ധാരാളം മഞ്ഞുതുള്ളികൾ

കാണാം.അണ്ണാൻകുഞ്ഞുങ്ങൾ രാവിലെത്തന്നെ മുറ്റത്ത് വന്ന് എന്തൊക്കെയോ തിന്നും.ഇളംവെയിൽ വന്ന് മരങ്ങളിൽ തട്ടുമ്പോഴേക്കും മയിലുകളും പ്രാവുകളും എത്തിക്കാണും.ചേച്ചി എന്നും രവിലെ മയിലുകൾക്ക് അരികൊടുക്കും.അതിനാൽ അവ രാവിലെതന്നെ എത്തും.പ്രാവുകൾക്കും ചേച്ചിതന്നെയാണ് അരി കൊടുക്കുന്നത്.പിന്നെ പക്ഷിവളുടെ കലപിലശബ്ദം.അതിൽ പ്രധാനി ചവോലാരി.കൂട്ടത്തോടെ വരികയും പോവുകയും ചെയ്യുന്നു.മൂത്തമ്മ നട്ടുവളർത്തിയ നെല്ലിനിടയിൽ കരിമ്പും ഉണ്ടായിരുന്നു. മൂത്തമ്മ എനിക്ക് കരിമ്പ് തരും.അതും കടിച്ചുകൊണ്ട് തോട്ടിലേക്ക് ഇറങ്ങും.തോട്ടിൽ നിറയെ മീനുകൾ.കല്ലിനുമുകളിലിരുന്ന് വെള്ളത്തിലേക്ക് കാലും നീട്ടിയിരിക്കുമ്പോൾ സൂര്യപ്രകാശത്തിന്റെ വെളിച്ചത്തിൽ മീനുകളെ വ്യക്തമായി കാണാം. അതും കൂടാതെ കാലുകൾ ചലിപ്പിക്കാതെ വയ്ക്കുമ്പോൾ മീനുകൾ വന്ന് കാലുകളിൽ തട്ടീം മുട്ടീം പോകും. പറഞ്ഞുതീർക്കാൻ പറ്റാത്തത്ര മനോഹാരിതയുള്ള നാടാണ് എന്റെ ഗ്രാമം.

അംബിക എൻ, 8 സി

## അമ്മേ മാപ്പ്......

മാമലയ്ക്കപ്പുറം പൊന്നൊളി തൂകി -
ക്കൊണ്ടാഗമിപ്പുണ്ടൊരു പൊൻതളിക
പടരുന്ന പൊൻപ്രഭാതത്തിൻ കീഴിൽ
ഉണരുന്നു,മലരിൻ ഇതളുകളോരോന്ന്

സ്വർണവർണത്തിലങ്ങുന്മാദമാടിക്കൊ-
ണ്ടാഹ്ലാദത്തെന്നലോ പയ്യെ വീശീടുന്നു.
ശാന്തസുന്ദരമോഹനം തന്നെയീ
പ്രകൃതിതൻമധുരോധാരമികാരാന്തഭാവം.
ഇന്നിതാ കാലം മാറി,
ക്രൂരഹത്യകളെല്ലാം താണ്ഡവമാടീടുന്നു.
പാടങ്ങളെല്ലാം നികത്തുന്നു മാനവർ
പാടുന്ന പുഴകളോ ഗാനം മറക്കുന്നു
പ്ലാസ്റ്റിക്കിൻ സാമ്രാജ്യമാകുന്നീ ധാത്രി
പാഴ്‌വസ്തുക്കൾ തൻ കുമ്പാരമുയരുന്നു.
മാനവഹൃദയം കൊതിക്കുന്നു വികസനം
മുറിയുന്നു വൃക്ഷശിഖിരങ്ങളോരോന്ന്
വിഭവങ്ങളെല്ലാം ചൂഷണം ചെയ്തവൻ
നയിച്ചു മാതാവിനെ നാശത്തിലേക്കായി
മാനവഹത്യതൻ ക്രൂരമുഖം കണ്ട്
വാചാലയായവൾ നിന്നല്ലോ ദയനീയം
സഹിച്ചില്ല പൊറുത്തില്ലവസാനം
ക്രൂരതകൾ സഹജീവിയോടായപ്പോൾ
പേമാരിയായും കൊടുങ്കാറ്റായും പിന്നെ
ഭ്രാന്തിയെപ്പോലവൾ കലിതുള്ളിയാടി
പൊട്ടിച്ചിരിച്ചും ആർത്തുകരഞ്ഞും
യകഷിയെപ്പോലവൾ താണ്ഡവമാടി.
ഹേ! മർത്യാ നിർത്തുക്രൂരതകൾ
ഇനിയെങ്കിലും മാപ്പിരക്കു മാതാവിനോട്
അമ്മതൻ നെഞ്ചിൽ നീയാടിയക്രൂരത-
യ്ക്കായി മാപ്പിരക്കു കനിവോടെന്നും
ക്ഷമതൻ അക്ഷയപാത്രമായവൾ
ക്ഷമിക്കാതിരിക്കില്ല നിന്നോടൊരിക്കലും
പ്രകൃതിക്ഷോഭങ്ങൾ കവർന്നനിൻ
മണ്ണിനെ പൊന്നണിയിക്കാൻ ശ്രമിക്കു.

**അമ്മേ, പ്രകൃതീ മാപ്പു നൽകിയാലും**
**മർത്യജന്മത്തെ നിഷ്ഫലമാക്കരുതേ**
**സീമകൾ ലംഘിച്ച ക്രൂരതൾ അനേക**
**മായെങ്കിലും ക്ഷമിക്കൂ....അമ്മേ.**

ഭാവന കെ വി ,10 ബി

## ഭാഷയും ഗണിതവും

ഭാഷാശാസ്ത്രവും ഗണിതശാസ്ത്രവും വ്യത്യസ്ത ധ്രുവങ്ങളിലാണെന്ന ധാരണയിലാണ് ഇപ്പോഴും ചിലർ.ഈ സാഹചര്യത്തിൽ ഭാഷയും ഗണിതവും കൈകോർക്കുന്ന

രണ്ടുമൂന്ന് സാഹചര്യങ്ങൾ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്.ഭാഷയിലെ വൃത്തശാസ്ത്രം നോക്കാം.

പദ്യം വാർക്കുന്ന തോതല്ലോ
വൃത്തമെന്നിഹ ചൊല്ലത്
ഛന്ദസ്സെന്നാലക്ഷരങ്ങ-
ളിത്രയെന്നുള്ള ക്ലിപ്തയാം

പദ്യങ്ങളുടെ കെട്ടുപാടിനെയാണ് വൃത്തമെന്ന് പറയുന്നത്.പദ്യത്തിന്ഒരു പാദത്തിൽ ഇത്ര അക്ഷരം വേണമെന്നുള്ള നിർബന്ധനയാണ് ഛന്ദസ്സ്.

ഹ്രസ്വാക്ഷരം ലഘുവതാം
ഗുരുവാം ദീർഘമായത്
' ഗ'കാരം ഗുരുവിൻ പേരാം
'ല'കാരം ലഘുസംജ്ഞയും
ഗുരു ചിഹ്നങ്ങൾ നേർവരകൾ
ലഘു ചിഹ്നം വളഞ്ഞതും.

വർണ്ണവൃത്തങ്ങളിൽ മൂന്നക്ഷരം ചേർന്നതിന് ഒരു ഗണം എന്നു പറയുന്നു. ഇവ മൂന്നും ഗുരുവാകാം, മൂന്നും ലഘുവാകാം.ചിലത് ഗുരുവും ചിലത് ലഘുവും ആകാം.ഗുരുവിന് നേർവര(-)കൊണ്ടും വളഞ്ഞവര (u)കൊണ്ടും സൂചിപ്പിക്കുന്നു.

അഭിനവ്

## രങ്കന്റെ കൃഷി

രങ്കൻ വാഴക്കന്നും വാങ്ങി ചന്ദനക്കാട്ടിലൂടെ വരുകയായിരുന്നു.രങ്കൻ ചന്ദനക്കാട്ടിലൂടെ വരുന്നത് സുബ്ബ ദൂരെ നിന്നു കണ്ടു.നിൽക്കട അവിടെ സുബ്ബ പറഞ്ഞു.സുബ്ബ പറയുന്നത് കേട്ട് രങ്കൻ പേടിച്ചോടി.ഓടുമ്പോൾ രണ്ട് വാഴക്കന്ന് വീണു.രങ്കൻ പോയപ്പോൾ ആ സാധനംഎന്താണെന്ന് സുബ്ബ എടുത്തു നോക്കി.രങ്കൻ പോയ വഴിയിലൂടെ സുബ്ബ പോയി.രങ്കന്റെ ഭാര്യയുടെ പേര് കുങ്കിയെന്നാണ്.രങ്കനും കുങ്കിയും വാഴ നടുന്നത് സുബ്ബ ഒളിച്ച നിന്നു കണ്ടു.സുബ്ബവും വാഴ നടാൻ തുടങ്ങി.

അനപ്രിയ
ഒന്നാം ക്ലാസ്

# കുഞ്ഞിക്കിളികളുംപാമ്പും

അമ്മക്കിളി മുട്ടയിട്ടു .മുട്ടവിരിഞ്ഞു കുഞ്ഞുങ്ങളായി. അമ്മക്കിളി തീറ്റതേടി പോയി .കുഞ്ഞുങ്ങൾ തനിച്ചായി അപ്പോൾ ഒരു പാമ്പ് കുഞ്ഞുങ്ങളെ  തിന്നാൻ മരത്തിൽ കയറി പാമ്പ് മരത്തിൽ കയറുന്നത് അടുത്തമരത്തിലെ കുരങ്ങൻ കണ്ടു. കുരങ്ങൻ വടിയെടുത്ത്പാമ്പിനെ എറിഞ്ഞു പാമ്പ് ചത്തു .അങ്ങനെ കുഞ്ഞുങ്ങൾ രക്ഷപ്പെട്ടു അമ്മക്കിളിക്ക് സന്തോഷമായി.

ദേവദത്ത്.എം.പി

ഒന്നാം ക്ലാസ്

## ചിറകടിപ്പിക്കാം

സിൻഫിക് സ്റ്റുഡിയോ സോഫ്റ്റ്വെയർ ഉപയോഗിച്ച്, പക്ഷിയെ ചിറകടിച്ച് പറപ്പിക്കണമെങ്കിലോ?അതിന്റെ ശരീരം, ചിറക്,മുതലായ അവയവങ്ങൾ പ്രത്യേകം വരച്ച തയാറാക്കി ഇംപോർട്ട് ചെയ്തെടുത്ത് കാൻവാസിൽ വച്ച യോജിപ്പിക്കാം. ആവശ്യമായ ലെയറുകൾ ഗ്രൂപ്പ് ചെയ്യാം.ചിറകിന്റെയും ഉടലിന്റെയും ലെയറുകൾ മാത്രം സെലക്ട് ചെയ്ത്,വട്ടം കറക്കിയും വലുപ്പവും സ്ഥാനവും ക്രമീകരിച്ചും പറക്കുന്ന പ്രതീതി ഉണ്ടാകാം . രണ്ടാമത് ചിറക് സൃഷ്ടിക്കാൻ ആദ്യ ചിറകിന്റെ പകർപ്പ് എടുത്താൽ മതിയാകും.ടൈം ലൂപ്പ് ലെയർ കൂട്ടിച്ചേർത്ത് ചിറകടി ആവർത്തിപ്പിക്കാം.

ബാദുഷ
9 എ

# കഥാനിരൂപണം
# പാത്തുമ്മയുടെ ആട്
# (പാത്തുമ്മ)

അഞ്ജിത ടി വി 9 എ

*വൈക്കം മുഹമ്മദ് ബഷീറിന്റെ ആത്മകഥാംശമുള്ള നോവലാണ് "പാത്തുമ്മയുടെ ആട്".നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ.പേരു സൂചിപ്പിക്കും പോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ്നോവലിലെ കഥയുടെ കിടപ്പ്.ബഷീറിന്റെ രണ്ട് സഹോദരിമാരിൽ മൂത്തത് പാത്തുമ്മയാണ്.പാത്തുമ്മയ്ക്കും ഭർത്താവ് കൊച്ചുണ്ണിക്കും ഖദീജ എന്നൊരു മകളുണ്ട്.ബഷീറിന്റെ സഹോദരങ്ങളിൽ തറവാട്ടിൽ നിന്ന് മാറിത്താമസിക്കുന്നത് പാത്തുമ്മ മാത്രമാണ്.എങ്കിലും എല്ലാ ദിവസവും രാവിലെതന്നെ മകളേയും കൂട്ടി അവർ തറവാട്ടിലെത്തും.അവരുടെ വരവ് ഒരു "സ്റ്റൈലിലാണെ"ന്നാണ് ബഷീർ പറയുന്നത്.പാത്തുമ്മ എപ്പോഴും പറയുന്ന ഒരു വാചകമുണ്ട്,'എന്റെ ആട് പെറട്ടെ,അപ്പൊ കാണാം.' പാത്തുമ്മയ്ക്ക് കാര്യ-മായ വിദ്യാഭ്യാസമൊന്നുമില്ല.എങ്കിലുംകുടുംബത്തിന്റെ വളർച്ചയ്ക്ക് വേണ്ടി കഠിനാധ്വാനം ചെയ്യുന്ന ഒരു സ്ത്രീയാണവർ.പാത്തുമ്മ പറഞ്ഞിരുന്നത് പോലെ ഒരിക്കൽ പാത്തുമ്മയുടെ ആട് പ്രസവിക്കുന്നു.ആട്ടിൻപാൽ വിറ്റ് കിട്ടുന്ന പണം കൊണ്ട് വീടിന്റെ വാതിൽ നന്നാക്കുന്നതുൾപ്പെടെ പലതും ചെയ്യണമെന്ന് വിചാരിച്ചിരുന്നു.പക്ഷെ തന്റെ കുടുംബക്കാർക്കു വേണ്ടി ആടിന്റെ പാൽ കൈക്കുലിയായി പാത്തുമ്മയ്ക്കുപയോഗിക്കേണ്ടിവന്നു.ഒരിക്കൽ ബഷീറിനെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നു.പത്തിരിയും കരൾ വരട്ടിയതുംവെച്ച് സൽക്കരിക്കുന്നു.എന്നാൽപാത്തുമ്മയുടെ മറ്റു സഹോദരങ്ങളായ അബ്ദുൾഖാദറിനും ഹനീഫയ്ക്കും ഇത് സഹിക്കാൻ പറ്റുന്നില്ല.പാത്തുമ്മയുടെ ഭർത്താവ് അവർക്ക് കടപ്പെട്ടിരുന്ന പണത്തിന്റെ പേരിൽ ഭർത്താവിനെയും പാത്തുമ്മയെയും മകൾ ഖദീജയെയും ഒന്നും രണ്ടും മൂന്നുംസാക്ഷികളാക്കി കേസ് കൊടുക്കുമെന്നുംആടിനെ ജപ്തി ചെയ്യിക്കുമെന്നും സഹോദരങ്ങൾ ഭീഷണിപ്പെടുത്തി.അങ്ങനെയാണ് നേരെ കിട്ടുന്ന പാലിനു പുറമെ*

*പാത്തുമ്മയറിയാതെ ആടിന്റെ പാൽ അവർ കറന്നെടുക്കുകയും ചെയ്തിരുന്നു.ഇങ്ങനെ നിരവധി സംഘർഷഭരിതമായ ജീവിതാവസ്ഥകൾ തരണം ചെയ്ത് ജീവിക്കുന്ന സ്ത്രീയാണ് പാത്തുമ്മ.നോവലിലെ ശക്തമായ സ്ത്രീകഥാപാത്രമായ പാത്തുമ്മ വായനക്കാരുടെ മനസ്സിൽ തന്റേതായ സ്ഥാനം നേടുന്നുവെന്നതിൽ സംശയമില്ല.*

അഞ്ജിത ടി വി 9 എ

# ഓണം അന്നും ഇന്നും മാറുന്ന ഓർമ്മകൾ

ഓണം നിറവിന്റെ പ്രതീകമാണ്. ഇല്ലത്തെ പത്തായങ്ങൾ നിറഞ്ഞ്കവിയും,അടിയൻമാരുടെ കുടിലുകളിൽ വല്ലങ്ങൾ നിറഞ്ഞുതുളുമ്പും മാനുഷരെല്ലാരുമൊന്നുപോലെ...എന്ന ഈരടികളെ ഓർമ്മപ്പെടുത്തി ഈ വിളവെടുപ്പുൽസവം മലയാളികളുടെ ഒത്തൊരുമ സ്ഥിതീകരിക്കുന്ന നാടിന്റെ ഉത്സവമായ ഓണം.ഓണംമലയാളികളുടെ ദേശീയോത്സവമാണ്.ലോകത്തിന്റെ നാനാഭാഗത്തുള്ള മലയാളികൾ ജാതിമതഭേതമന്യേ ഈ ഉത്സവം ആഘോഷിക്കുന്നു.ആയിരം നൂറ്റാണ്ടുകൾക്കപ്പുറത്തുനിന്ന് നന്മയുടെ പ്രകാശം പകർന്ന് നമ്മിലൂടെയും കടന്നുപോകുന്നു.കേരളനാട്ടിലെ നിറ എന്ന ഐശ്വര്യസമൃദ്ധിയെപ്പറ്റി വർണ്ണിക്കുന്ന കാവ്യം തലമുറകൾക്കു പാടി ഇപ്പോഴും മതിയാവുന്നില്ല .

“മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരും ഒന്നു പോലെ
ആമോദത്തോടെ വസിക്കുംകാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല”

എന്നതാണ് ഏറെ പ്രചരിച്ച നിൽക്കുന്ന കവിവചനം.ആ ഐശ്വര്യഭരണത്തിൽ അസൂയപൂണ്ട ദേവൻമാർക്കു വേണ്ടി വാമൻ എത്ര തലമുറകളിലേക്കു പകർന്നുകൊടുത്ത കഥയാണ് .ജീവിത രീതികളുടെ ഭാഗമായി ആഘോഷച്ചടങ്ങുകളിൽ വ്യത്യാസങ്ങൾ പലതു വന്നിട്ടുണ്ടകാമെങ്കിൽ ആചാരസങ്കൽപ്പങ്ങളിലും, ഒത്തുചേരലുകളുടെ ആഹ്ലാദത്തിലും ഓണം ഇന്നും ഓണമായിതന്നെ നിലകൊള്ളുന്നു. ഓണം സംബന്ധിച്ച് പലഐതീഹ്യങ്ങളും

ചരിത്രരേഖകളും നിലവിലുണ്ടെങ്കിലു ഓണം ആത്യന്തികമായി ഒരുവിളവെടുപ്പ് ഉത്സവമാണെന്ന് കരുതിപ്പോരുന്നു.ചിങ്ങമാസത്തിലെ അത്തം നാൾമുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണനാളിൽ,പ്രാധാന്യത്തോടെ ആഘോഷിക്കുകയും ചതയം നാൾ വരെ നീണ്ടുനിൽക്കുകയും ചെയ്യുന്നു. തൃക്കാക്കരയാണ് ഓണത്തപ്പന്റെ ആസ്ഥാനം അവിടെയാണ് ആദ്യമായി ഓണാഘോഷം നടത്തിയത് എന്നാണ് ഐതീഹ്യമെങ്കിലും അതിനെക്കാൾ മുൻമ്പുതന്നെ തമിഴ് നാട്ടിലും മറ്റും ഓണാഘോഷം നടന്നിട്ടുള്ളതായി സംഘം കൃതികളിൽ പരാമർശിച്ചിരുന്നു കർക്കിടകം എന്ന പഞ്ഞമാസം കഴിഞ്ഞ്മാനം തെളിയുന്നത് ഈ കാലങ്ങളിലാണ്. ആണ്ട് പിറക്കുന്നതിനെ സൂചിപ്പിക്കുന്ന ചിങ്ങമാസത്തിലെ ആഘോഷം ക്രമേണ ദേശിയോത്സവമായി വളർന്നുവെന്നാണ് മറ്റൊരു വിശ്വസം ഓണം എന്നത് ഇല്ലങ്ങളിലെ പത്തായങ്ങളെല്ലാം നിറഞ്ഞ് കുടിലുകളിലെ വല്ലങ്ങൾ എല്ലാം നിറഞ്ഞ് നിറവിൻെറയും സന്തുഷ്ടിയുടെയും സമയം പാടങ്ങളിലെ പണിയൊക്കെകഴിഞ്ഞ്,കൃഷിപണിചെയ്യുന്നവർക്കും ചെയ്യിക്കുന്ന ജന്മിമാർക്കും കൊണ്ടാടാനുള്ള അവസരം.ജന്മിമാരും അടിയാന്മാരും  വ്യത്യാസങ്ങൾ മറന്ന് സമഭാവനയോട്ടുകൂടി കഴിയുന്ന ഉത്സവം അരിയിടിക്കലും വറുക്കലും കായവറുക്കലും കൊണ്ടാട്ടമുണക്കലും അടപരത്തലും അച്ചാറിനിടീലും ചക്കവരട്ടലും ഒക്കെയായി ഒരുമാസം മുൻപേ ഒരുക്കങ്ങൾതുടങ്ങും."കാണം വിറ്റും ഓണം ഉണ്ണണം”എന്നൊരു ചൊല്ലുണ്ടായിരുന്നു.ഓരോ ദിവസവും ഓരോപായസം അടപ്രഥമൻ,ചക്ക പ്രഥമൻ,കടല പ്രഥമൻ,പാലട പിന്നെ കറികളുടെ ഒരുസമൃദ്ധിയാണ്.അച്ചാറ്,പപ്പടം,പെരക്ക്,സാമ്പാറ്,കാളൻ,ഓലൻ, അവിൽ,ഉപ്പേരി,വറവ്,എലിശ്ശേരി,കൊണ്ടാട്ടം....അങ്ങനെ വിഭവസമൃദ്ധമായ സദ്യ. ഇന്നാണെങ്കിലോ സൂപ്പർമാർക്കറ്റിൽ നിന്നും എല്ലാം റെഡിമേഡ് ആയി സുലഭം, മാവേലിയെ ആണെങ്കിലോ ഒരു പ്രച്ഛന്നവേഷമിട്ട കോമാളിരൂപത്തിലുള്ള ഒരു കുടവയറാക്കി കെട്ടിഓരോ വീട്ടിലും തിരുവോണനാളിൽ കയറിയിറങ്ങുക.വള്ളം കളിയും പൂക്കളമത്സരങ്ങളും പുലിക്കളിയും ഘോഷയാത്രയുമായി ജാതി മത ഭേതങ്ങളെല്ലാം മറന്ന് നാമെല്ലാം ഒന്നാണ് എന്ന അനന്തമായ സത്യം ഓർമ്മപ്പെടുത്തി ഒത്തുചേരലിന്റെ ഒരുത്സവമായി ഓണം മാറി. ലോകത്തിന്റെ ഏതു കോണിലാണെങ്കിലും മലയാളികൾ ഓണം ചെറിയ രീതിയിലെങ്കിലും ആഘോഷിക്കുന്നു.പക്ഷെ

എന്നിരുന്നാലും ഓണം ഓണം തന്നെയാണ് .

അഹല്യ മണികണ്ഠൻ , 8 ബി

## പഴഞ്ചൊല്ലുകൾ

1.മെല്ലെ തിന്നാൽ മുള്ളും തിന്നാം.

2.കാക്കകുളിച്ചാൽ കൊക്കാകുമോ?

3.കാക്കക്കൂട്ടിൽ കല്ലെറിയുക.

4.അരിയെറിഞ്ഞാൽ ആയിരം കാക്ക

5.കോഴിയെവളർത്താൻ കുറുനരിയെ ഏൽപ്പിക്കുക

6.ഒരു കോഴികൂകിയാൽ നേരം പുലരില്ല

7.ഒരു കടയിൽ രണ്ട് കച്ചോടം

8.കടുക് ചോരുന്നത് കാണുന്നു .ആന ചോരുന്നത് കാണുന്നില്ല.

9.ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം

10.ആർക്കാനും വേണ്ടി ഓക്കാനിക്കുക

11.ഒരു കൈകൊണ്ട് കൊടുത്തത് മറുകൈകൊണ്ട് വാങ്ങരുത്

12.ഒരു കമ്പിൽ പിടിച്ചാലും പുളികമ്പിൽ പിടിക്കണം

13.ഉണ്ട ചോറ്റിൽ കല്ലിടരുത്

14.എഴുതാപ്പുറം വായിക്കരുത്

15.എറിഞ്ഞകല്ലും പറഞ്ഞവാക്കും തിരിച്ചെടുക്കാൻ കഴിയില്ല

16.ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും

17.ഒന്ന് പിഴച്ചാൽ മൂന്ന്

18.അടുത്തവനെ കെടുത്തരുത്

19.ചത്തുകിടന്നാലും ചമഞ്ഞുകിടക്കും

20.മിന്നുന്നതെല്ലാം പൊന്നല്ല.

*അതുല്യ.എം*

## എന്റെ ഗ്രാമം

എന്റെ ഗ്രാമം വളരെ മനോഹരമാണ് .ധാരാളം പക്ഷികളും കൊണ്ട് സമ്പന്നമാണ്.എന്റെ വീടിനുതാഴെ ധാരാളം കവുങ്ങിൻ തോട്ടങ്ങളുമുണ്ട്. രാവിലെ അതിലൂടെ നടക്കുമ്പോൾ നല്ല മൂടൽമഞ്ഞായിരിക്കും ആ മൂടൽമഞ്ഞ് വെയിൽ വന്നാൽ മാത്രമേ ആ മഞ്ഞ് പോവുകയുള്ളു തൊട്ടടുത്ത് ഒരു പശുഫാംഉണ്ട് അവിടെ അമ്മ പശുവും കുഞ്ഞിപശുവുമടങ്ങുന്ന ഒരു കുടുംബമാണ്.ധാരാളം മരങ്ങളുമുണ്ട് പച്ച പുല്ലുകളിൽ തത്തിയിരിക്കുന്ന പുൽച്ചാടി. എന്റെ വീട്ടിലെ റോസാച്ചെടിയിൽ പൂമ്പാറ്റകൾ വന്നും പോയി കൊണ്ടും ഇരിക്കും  കുറച്ചകലെ ഒരു വലിയ തോടുണ്ട് അതിൽ പല തരം മീനുകളും ആ തോടിന്  വലിയ ആഴമുണ്ട് നിർത്താതെ മഴപെയ്താൽ മഴ വെള്ളം വരും വെള്ളം ഒഴുകുന്ന ശബ്ദം എന്റെ വീടിൽ കേൾക്കാൻ സാധിക്കും. ഓരോ മരങ്ങളിലും പക്ഷികളുടെ കൂട്ടം അതിൽ കുഞ്ഞുങ്ങളും കാണും . അമ്മ ആടിനേയും കുഞ്ഞാടിനേയും ഞാൻ പുല്ലുതിന്നുവാൻ വേണ്ടി കൊണ്ടു പോകും . ആട്ടിൻകുട്ടിയെ എടുത്ത് കൊണ്ട് വന്ന് പച്ച പുല്ല് കൊടുക്കും അത് ചവച്ച് തിന്നുന്നത് കാണാൻ നല്ല രസമാണ് .പറഞ്ഞു തീരാനാവാതത്ര മനോഹാരിതയുള്ള നാടാണ് എന്റെ ഗ്രാമം.

വിസ്മയ.

## എന്റെ നാട്

വളരെമനോഹരമാണ് എൻെറ ഗ്രാമം രണ്ട് പുഴകളും ഒട്ടേറെ വയലുകളും തെങ്ങുകളും കൗവുങ്ങുകളും നിറഞ്ഞുനിൽക്കുന്ന ഒരുകൊച്ചുഗ്രാമമാണ് എന്റെ ഗ്രാമം ഇടവിളകളായി പച്ചക്കറികളും വാഴകളും തെങ്ങുകളും നെല്ലും നട്ടുപിടിപ്പിച്ച്



എന്നും പച്ചപ്പ്നിറഞ്ഞതായിരുന്ന എന്റെ ഗ്രാമം കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ വരിവരിയായിവരുന്ന പ്രാവുകളും മറ്റു പക്ഷികളെയും കാണുന്നത് ഒരു കൗതുകകാഴ്ചയാണ് ഈ വയലുകൾക്ക് ഇടയിലൂടെ ഒഴുകുന്ന പുഴയുടെ ഇരുവശത്തും ഒട്ടേറെ അത്തിമരങ്ങൾ തിങ്ങിനിറഞ്ഞു നിൽക്കുന്ന ഈ മരങ്ങളിൽ പാർക്കുന്ന ചെറുപക്ഷികളും പൊൻമാനുകളും ചെറുമത്സ്യങ്ങളെ പിടിക്കുന്നത്കാണാൻ അതിമനോഹരമാണ് വയലുകളിൽവിളഞ്ഞു നിൽക്കുന്ന നെൽക്കതിരുകളിൽ വീണുകിടക്കുന്ന മഞ്ഞുതുള്ളികൾ സൂര്യകിരണങ്ങളാൽ സ്വർണമായിനിൽക്കുന്ന കാഴ്ച ആരെയും അതിശയിപ്പിക്കും. എന്റെ ഈ മനോഹരമായ ഗ്രാമം ഇനിവരും തലമുറയ്ക്ക് ഇതെപ്പോലെ ഉണ്ടാവണമെന്ന് ഞാൻ


ആഗ്രഹിക്കുന്നു.

*അശ്വിൻ*

9 എ

## വർണ്ണന

നെൽപ്പാടങ്ങളാൽ ചുറ്റിക്കിടക്കുന്ന ഒരു ഗ്രാമത്തിലാണ് ഞാൻ.അതി സുന്ദരമായ നെൽപ്പാടങ്ങളും വിയർപ്പ് മണ്ണിലുറ്റിച്ച് അധ്വാനകർഷകരുമുണ്ട് എന്റെഗ്രാമത്തിൽ .
ഓരോ തുള്ളി വിയർപ്പിന്റെയും വിലയറിഞ്ഞ്



അധ്വാനിക്കുന്നവരാണ് കർഷകർ.
മണ്ണിന്റെ മണമറിഞ്ഞ്
അധ്വാനിക്കുന്നവരുമാണ് വയലിൽ
കാവൽകനിൽക്കുന്നകൊക്കുകളുമുണ്ട്.
അതിമനോഹരമായ വാഴതോപ്പുകളുമുണ്ട്.
പരസ്പരം കളരവത്തോടുകൂടി ഒഴുകുന്ന ചാലുമുണ്ട്.
കണ്ടത്തിന്റെ നടുവിലൂടെ ഒഴുകുന്ന ഒരു തോടുണ്ട്.
പറഞ്ഞറിയിക്കാൻ ആവില്ല.അത്രയും സുന്ദരമാണ്
എന്റെ ഗ്രാമം.

വിസ്മയ.കെ
VIII.സി

# ഗണിത നുറുങ്ങുകൾ

ഒരു ഇടിമിന്നലിൽ 25 ലക്ഷം വീടുകളെ
പ്രകാശമാനമാക്കാനുള്ള ഊർജം
അടങ്ങിയിരിക്കുന്നു.

മനുഷ്യൻ അവൻെറ ജീവിത കാലത്ത് ആറ് ആനയുടെ തൂക്കത്തിന് തുല്യമായ ഭക്ഷണം അകത്താക്കുന്നു.

നമ്മുടെ ഡി.എൻ.എകൾ മുഴുവനും വലിച്ച് നീട്ടിയാൽ ചന്ദ്രനിലെത്താവുന്ന 6000 ഗോവണികൾ നിർമിക്കാം .

ഒരു മനുഷ്യൻ ഒരായുസ്സിൽ പുറപ്പെടുവിക്കുന്ന തുപ്പൽ കൊണ്ട് രണ്ട് നീന്തൽക്കുളങ്ങളനിർമ്മിക്കാം.

സായൂജ് .പി

## മന്ത്രികചതുരം ഇങ്ങനെയും

നാലുവരിയും നാലുനിരയുലുള്ള മാന്ത്രികചതുരത്തിന് സാധാരണയായി 16 ചതുരങ്ങൾ ഉണ്ടായിരിക്കും.1 മുതൽ 16 വരെയുള്ള സംഖ്യകൾ ഉപയോഗിച്ചാണ് മാന്ത്രികചതുരങ്ങള്ളൾ പൂരിപ്പിക്കാറുള്ളത്.

| | | | |
|---|---|---|---|
| 1 | 15 | 14 | 4 |
| 12 | 6 | 7 | 9 |
| 8 | 10 | 11 | 15 |
| 13 | 3 | 2 | 16 |

ഈ മാന്ത്രികചതുരത്തിൽ മധ്യത്തിലുള്ളസല 4 ചതുരങ്ങൾഒഴിവാക്കി 12

ചതുരങ്ങൾ കാണം.1 മുതൽ 12 വരെ സംഖ്യകൾ ഉപയോഗിച്ച്
ഈ ചതുരങ്ങൾ ഓരോ വരിയിലും തുക തുല്യമാക്കത്തക്കവിധത്തിൽ
പൂരിപ്പിക്കാമോ?

| | | | |
|---|---|---|---|
| 5 | 11 | 4 | 6 |
| 1 | | | 10 |
| | 8 | 7 | |
| 12 | 2 | 9 | 3 |

സായൂജ് പി

## വിട്ടുപോയ സംഖ്യ

### വിട്ടുപോയ സംഖ്യ ഏത്? എന്തുകൊണ്ട് ?

| | | | | |
|---|---|---|---|---|
| 8 | 7 | 4 | 6 | 5 |
| 3 | 6 | 5 | 7 | 9 |
| 4 | 8 | 8 | 7 | 2 |
| 0 | 12 | 8 | 6 | ? |

വരിയിലെ അക്കങ്ങളുടെ തുക 30 ആകത്തക്കരീതിയിലാണ് സംഖ്യകൾ എഴുതിയിരിക്കുന്നത്. ഇത് പ്രകാരം വിട്ടുപോയ സംഖ്യ=7

സായൂജ്.പി
9 എ

## ഗണിത പഴഞ്ചൊല്ലുകൾ

*1.അരക്കാശ് കൊണ്ടുണ്ടാക്കിയ അനർത്ഥം ആയിരം കൊടുത്താലും തീരുമോ?*

*2.അളന്ന ചട്ടിക്ക് അളന്ന് കൊടുക്കുക.ഉക്കിയ ചട്ടിക്ക് ഉക്കി കൊടുക്കുക.*

*3.അളക്കുന്ന നാഴികയ്ക്കറിയുമോ അരിവില?*

*4. ആയിരം രോഗികളെ കൊന്നാൽ അര വൈദ്യനാകും.*

*5. ഒരു അരിശത്തിന് കിണററിൽ ചാടി ഏഴ് അരിശത്തിന് കേറാൻ വയ്യ.*

*6.കടം നൂറുകോടി കടന്നാലും നെയ്യിൽ തന്നെ പൊരിക്കട്ടെ.*

*7.അരിയെറിഞ്ഞാൽ ആയിരം കാക്ക.*

8. ഏതാനും ഇല്ലാതായാൽ ഇരുപതിൽ ഒന്നിനെ കാണുകയില്ല.

9. ദാരിദ്രത്തിന്റെ നാണയവും പണം തന്നെ.

10. ചെറിയ ഇട്ടുകൾ ചേർന്നാൽ വലിയ സംഖ്യ.

11. ആയിരം കാക്കയ്ക്ക് അരക്കല്ല്.

രേവതി

9 എ




## റോമൻ അക്കങ്ങൾ

ഇന്ത്യൻ സമ്പ്രദായം വികസിപ്പിക്കുന്നതിന് മുമ്പ് തന്നെ റോമക്കാർ സംഖ്യകൾ എഴുതാൻ അവരുടേതായ ഒരു സമ്പ്രദായത്തിൽ രൂപം കൊടുത്തിരുന്നു.

I V X L C D M

I 5 10 50 100 500 100

ഈ ചിഹ്നങ്ങൾ ഉപയോഗിക്കുന്നതിന് ചില പ്രത്യേക നിയമങ്ങളും അവർ രൂപികരിച്ചു. ഒരേ ചിഹ്നം മൂന്നിൽ കൂടുതൽ തവണ ഉപയോഗിക്കാൻ പാടില്ല എന്നതാണ് നിയമം. സങ്കലനവും ഇടകലർത്തിയാണ് വലിയ സംഖ്യകൾ എഴുതിയിരിക്കുന്നത്. ഒരു ചിഹ്നത്തിന്റെ ഇടതു വശത്ത് അതിനേക്കാൾ ചെറിയ ഒരു സംഖ്യയെ സൂചിപ്പിക്കുന്ന ചിഹ്നം ചേർത്താൽ വ്യവകലന മാണെന്നും വലതു വശത്തെഴുതിയാൽ സങ്കലനമാണെന്നും അവർ അർത്ഥം നൽകി.

വൈശാഖ്
*9* ബി

## മാന്ത്രിക ചതുരം

മൂന്ന് വരിയും മൂന്ന് നിരയുമുള്ള ഒരു മാന്ത്രിക ചതുരം താഴെകൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| 1234 | 1234 | 1234 |
| 1234 | 1234 | 1234 |
| 1234 | 1234 | 1234 |

ഇതിൽ 9 ചതുരങ്ങളിലും ഒരേ സഖ്യകളാണുള്ളത് .1,2,3,4 എന്നീ അക്കങ്ങളും. എല്ലാ ചതുരങ്ങളിലുമുള്ള സംഖ്യകൾ വ്യത്യസ്തമാക്കണം.1,2,3,4 എന്നീ അക്കങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. മറ്റ് അക്കങ്ങളോന്നും ഉപയോഗിക്കാൻ പാടില്ല. വരിയിലും നിരയിലും കോണോടു കോണുള്ള സംഖ്യകളുടെ തുക തുല്യമായിരിക്കണം.
ശ്രദ്ധിച്ചു നോക്കു.

| | | |
|---|---|---|
| 2243 | 1341 | 3142 |
| 3141 | 2242 | 1343 |
| 1342 | 3143 | 2241 |

*വിവേഷ് 9 എ*

## ഏഴ് വിധം

താഴെ കൊടുത്തിരിക്കുന്ന ചതുരങ്ങളിൽ 1 മുതൽ 12 വരെയുള്ള സംഖ്യകൾ ഉപയോഗിച്ച് പൂരിപ്പിക്കുക. ക്രമത്തിൽ ഏഴ് വിധത്തിൽ കൂട്ടിയാൽ 26 കിട്ടണം .

| | | | |
|---|---|---|---|
| | 8 | 11 | |

| | | | |
|---|---|---|---|
| 9 | 10 | 6 | 1 |
| 12 | 3 | 7 | 4 |
| | 5 | 2 | |

വിവേഷ്

9 എ

## അനുഭവക്കുറിപ്പ്

ഞങ്ങളുടെ സ്കൂളിൽ നിന്ന് സയൻസ് ടാലന്റ് ഹണ്ടിൽ തിരഞ്ഞെടുത്ത ആറ് കുട്ടികൾക്ക് കാഞ്ഞങ്ങാട് നെഹ്റു കോളേജിൽ വച്ച് നടന്നതായ മൂന്ന് ദിവസത്തേ ക്യാമ്പിൽ പങ്കെടുക്കാൻ സാധിച്ചു. ആദ്യം തന്നെ ഉൽഘടനമയിരുന്നു. ആദ്യ ദിവസം ഫിസിക്സിൻെറ ക്ലാസായിരുന്നു. ആദ്യം തന്നെ പരീക്ഷണശാലയിൽ ആയിരുന്നു ക്ലാസ്. ഞങ്ങൾക്ക്

പരീക്ഷണം കണിച്ചു തന്നു. എനിക്ക് വളരെ ഇഷ്ടം തോന്നി. പിന്നെ ചായ കുടിക്കാൻ വിട്ടു.അവിടത്തെ ഭക്ഷണം നല്ലതായിരുന്നു. അതു കഴിഞ്ഞു കെ.വി. മുരളി സാർ ക്ലാസെടുത്തു.അന്ന് രാത്രി ബഹിരാകശാത്തെകുറിച്ചുള്ള സിനിമ കാണിച്ചു തന്നു.പിറ്റെ ദിവസം കെമിസ്ട്രിയുടെ ക്ലാസായിരുന്നു. ആദ്യം തന്നെ തിയ്യറി ക്ലാസയിരുന്നു.അതു കഴിഞ്ഞ് പരീക്ഷണശാലയിൽ ആയിരുന്നു ക്ലാസ്. അവിടെ നിന്ന് എനിക്ക് അറിയാത്ത കാര്യങ്ങൾ ഞാൻ പഠിച്ചു.അതു കഴിഞ്ഞ് ക്യാമ്പിനെ കുറിച്ചുള്ള കാര്യങ്ങൾ പറയാൻ പറഞ്ഞു.കുറച്ചു കുട്ടികൾ പറഞ്ഞു.അവസാന ദിവസമായ ഇന്ന് ബയോളജിയായിരുന്ന ക്ലാസായിരുന്നു .ആദ്യം തന്നെ തിയ്യറിക്ലാസായിരുന്നു.അതു കഴിഞ്ഞ് പരീക്ഷണശാലയിൽ ആയിരുന്നുക്ലാസ്.അതു കഴിഞ്ഞ് ക്യാമ്പിനെ കുറിച്ചുള്ള കാര്യങ്ങൾ പറയാൻ പറഞ്ഞു.കുറച്ചു കുട്ടികൾ പറഞ്ഞു.അതു കഴിഞ്ഞ് ഞങ്ങൾക്ക് 200 രൂപ തന്ന് വീട്ടിലേക്ക് പോകാൻപറഞ്ഞു.എനിക്ക് ഈ ക്യാമ്പ് വളരെ ഇഷ്ടപ്പെട്ടു.ഇതു പോലുള്ള ക്യാമ്പുകൾ ഇനിയും ഉണ്ടാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു.

വിവേഷ്. പി

## പ്രതിജ്ഞ

*കൊടിയ കാറ്റിലും നാം*
*കെടാത്ത തീ തരികളാവണം*
*മുടിഞ്ഞ വേനലിലും നാം*
*ഉരുകിടാത്തവരാവണം*
*പുതിയ പുലരിയുണരണം*

*തോളോടു തോള ചേരണം*
*നം ഏതു ജാതി,ഏതു മത,മേതു-*
*ദൈവമാണെങ്കിലും*
*വേദനക്കുന്നർക്ക് നാം ഒരു*
*ആശ്വാസമാവണം*
*ഏത് ഇരുട്ടിലും നാം*
*വെളിച്ചമാവണം*
*ഏതു വാക്കും നാം*
*പാലിക്കുന്നവരാവണം*

*വിസ്മയ പി*
*VIII.സി*

## ഞാനാണ് ത്രികോണം

മറക്കുകയോ ഗണിതശാസ്ത്രം ഞാനല്ലാ...
മനസ്സിലാക്കാൻ ഗണിതശാസ്ത്രം പാടല്ലാ...
മോദമാക്കുന്നു...നീ ചെയ്യുകയിൽ

ദീപമാകുന്നു...നിൻ പാതയിൽ
കണ്ടില്ലേ രണ്ട് വരകൾ ചേർന്നുണ്ടായ
കോണാണെന്തൊരു ശേലമാണ്.
തങ്കക്കുടത്തിനക്ഷരം മൂന്നുണ്ട് ശീർഷം വരുന്ന നടുക്കായി
മൂന്നായി ഭുജങ്ങളൊന്നു ചേർന്നു വെങ്കിലോർക്കണേ...
വന്നിയടഞ്ഞ രൂപമാത്രികോണമോർത്തീടൂ...
ശീർഷം മൂന്ന്...സൈഡും മൂന്ന്...കോണുകളും...
മൂന്ന് വശങ്ങളും തുല്യത്രികോണമോ...പേരുസമഭുജനെന്നാണ്...
രണ്ട് തുല്യമായ ത്രികോണമെങ്ങിലോ...
ചൊല്ലാമതിനും സമപാർശ്വമെന്നപേരുനാം
വന്നോ മൂന്നും മൂന്നളവിൽ
വിഷമഭുജമായി. അഭിവ്അശോക്

## വൃദ്ധസദനം

ഇന്ന് എന്റെ കണ്ണു നിറഞ്ഞു.ഞങ്ങൾ എല്ലാവരും കൂടി പോയി
വൃദ്ധസദനത്തിലേക്ക് അവിടെ കണ്ട കാഴ്ച സ്നേഹം കിട്ടാനായി

കൊതിക്കുന്നവരാണ്.അവർ ഒത്തിരി കൊച്ചു കഥകളും കവിതകളും പുരാണങ്ങളും പറഞ്ഞു കൊടുത്തു.വീട്ടിൽ പണ്ട് ഉണ്ടായ കഥകളിൽ ആ ഒരമ്മ പറഞ്ഞത് ഇങ്ങനെയാണ്.പണ്ട് ഞങ്ങൾ പഠിക്കുന്നകാലത്ത് പാട്ടുപാടി ഓടിച്ചാടിയുമാണ് വിദ്യ നേടുന്നത്.അന്ന് ഓണത്തിനും വിഷുവിനും വേണ്ടി ദിവസങ്ങൾ എണ്ണിതീർക്കുമായിരുന്നു.കുഞ്ഞുടുപ്പും ഇട്ട് ദേവദർശനത്തിനു പോവുകയായിരുന്നു.അതിനിടെയാണ് ഒരു കുട്ടി പറഞ്ഞു "ഹായ് എന്തു രസമാണ് അല്ലേ?മുത്തശ്ശി പറഞ്ഞു. “ശരിക്കും അന്നത്തെ കാലം നല്ല ഭംഗിയാണുള്ളത്.”പിന്നെ കഥ തുടർന്ന്.ആ മുത്തശ്ശിയുടെ മക്കൾ ഇവിടെ കൊണ്ടു വന്ന് വർഷങ്ങൾ കടന്നുപോയി.ആ അമ്മ ഇങ്ങനെ പാടി"എന്റെ മകനെ ഞാൻ എന്നും മാറിലേറ്റി
നിന്നു ഞാൻ ഇന്ന് എനിക്ക് തണലായ്എൻ നിഴൽ മാത്രം
പത്തു മാസം ഞാൻ നിന്നെ വെയിലും മഴയും കൊള്ളാതെ
വയറ്റിലേറ്റി കൊണ്ടു പോന്നു സ്നേഹിച്ചു ഞാൻ നിന്നെ
താഴെയും മുകളിലും വെയ്ക്കാതെ"
പാടി തീരുന്നതിനുമുമ്പ് തന്നെ അമ്മുടെ കണ്ണീർ മഴയായി മാറി.കുഞ്ഞ് വലുതാകുന്തോറും ആ അമ്മ സ്വപ്നം കാണാൻ തുടങ്ങി.മക്കൾ കുറ്റങ്ങൾ ചെയ്തപ്പോൾ വേദനിപ്പിക്കാതെ നിന്നു.പിണക്കങ്ങളും ഇണക്കങ്ങളുമായിരുന്നു അവരുടെ ജീവിതത്തിൽ ദാരിദ്രമാണെങ്കിലും കിട്ടുന്ന അരി കൊണ്ട് മകന് ചോറ് ഉണ്ടാക്കികൊടുക്കും.മകൻ പഠിക്കുമ്പോൾ അമ്മ വെളിച്ചമായി മാറി.ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ നിന്ന് ഉയർന്ന് എഴുന്നേറ്റപ്പോൾ അവന് അമ്മയെ വേണ്ടാതായി. പതുക്കെ ആ അമ്മ പറഞ്ഞു "എനിക്ക് എന്റെ മകനെ കാണണം .മരണത്തിന്റെ വക്കിലാണ് ഞാൻ.കുറച്ചു നേരം മിണ്ടാതായി..........ആ വഴിയിലേക്ക് ആ മുത്തശ്ശിയുടെ കണ്ണുകൾ പതുക്കെ പതുക്കെ അടഞ്ഞു.ചിറകുകൾ കരിഞ്ഞു.മുത്തശ്ശിയുടെ മനസ്സിൽ ശപിക്കപ്പെടാത്ത മക്കളുടെ ഓർമ്മകൾ മാത്രം.

ശ്രീലക്ഷ്മി.കെ , 8 സി

## ക്വിസ്

അക്ഷയ് , 9A

കേരളത്തിൽ ഏറ്റവും കൂടുതൽ സർക്കാർ സ്കൂളുകൾ ഉള്ള ജില്ല?-മലപ്പുറം
ഏറ്റവും കൂടുതൽ ആനകൾ അണിനിരക്കുന്ന ഉത്സവം?-ആറാട്ടുപുഴപ്പൂരം
ജൂതകളുംസ്ഥിതിചെയ്യുന്നത്?-മാടായിപ്പാറ
സ്ത്രീപുരുഷാനുപാതം കുറഞ്ഞ ജില്ല?-കേരളത്തിന്റെ തെക്കേ അറ്റത്തുള്ള ജില്ല?-തിരുവനന്തപുരം
കേരളത്തിന്റെ വടക്കേ അറ്റത്തുള്ള ജില്ല?- കാസർഗോഡ്
കേരളത്തിന്റെ സംസ്ഥാന പക്ഷി?-മലമുഴക്കിവേഴാമ്പൽ
സസ്യങ്ങൾക്ക് പച്ചനിറം നല്കുന്ന വസ്തു?-ഹരിതകം
കരയിലെ ഏറ്റവും വലിയ ജിവി?- ആന
കേരളത്തിലെ ആദ്യത്തെ റെയിൽവേലെയിൻ?- തിരുബേപ്പൂർ
കേരളത്തിൽ റെയിൽവെ ഇല്ലാത്ത ജില്ലകൾ?-ഇടുക്കി, വയനാട്
കേരളത്തിലെ ഏറ്റവും വലിയ ജില്ല?-പാലക്കാട്
കേരളത്തിലെ ഏറ്റവും ചെറിയ ജില്ല?- ആലപ്പുഴ
കേരളത്തിൽ ഏറ്റവും ജനസംഖ്യ കൂടിയ ജില്ല?- മലപ്പുറം
കേരളത്തിലെ ഏറ്റവും വലിയ കായൽ?-വേമ്പനാട്ടു കായൽ
ഏറ്റവും വലിയ കൊടുമുടി?-ആനമുടി
സാക്ഷരത കൂടിയ ജില്ല?- കോട്ടയം
കേരളത്തിലെ ആകെ നദികളുടെ എണ്ണം?-44
കേരളത്തിൽ കാടുകളില്ലാത്ത ജില്ല?- ആലപ്പുഴ
മഹാപ്രളയത്തിൽപെട്ടവർക്കായ് ഒരുക്കിയ ലോട്ടറി?- നവകേരള
മരുഭൂമിയിലെ കപ്പൽ എന്നറിയപ്പെടുന്ന മൃഗം?- ഒട്ടകം
ഏറ്റവും വേഗത്തിൽ വളരുന്ന സസ്യം ?- മുള
ചരിത്രരേഖകളിൽ ഹെർക്വില എന്ന് വിശേഷിക്കപ്പെടുന്ന പ്രദേശം?- കാസർകോട്
ലോകത്തിൽ ആദ്യമായി ഭൗമസൂചിക പദവി ലഭിച്ച മരം?-നിലമ്പൂർ തേക്ക്
കേരള ചരിത്ര മ്യൂസിയം സ്ഥിതി ചെയ്യുന്നത്?-ഇടപ്പള്ളി
ചുമർ ചിത്രനഗരം?-കോട്ടയം
സഹോദരൻ അയ്യപ്പൻ മിശ്രഭോജനത്തിന് തുടക്കം കുറിച്ച സ്ഥലം?-ചെറായി,ഇടുക്കി

## എന്റെ ഗുരുവായൂർ യാത്ര

സമയം രാവിലെ 4.30 അലറാമിന്റെ മണിയടി ശബ്ദം എന്റെ കർണങ്ങളെ വല്ലാതെ അലട്ടിയിരുന്നു.തണുപ്പിന്റെ മറവിൽ പുതപ്പിനടിയിൽ ചുരുണ്ടുകൂടാൻ ഞാൻ ആഗ്രഹിച്ചു.അമ്മ എന്നെ രണ്ട് മൂന്ന് പ്രാവിശ്യം വിളിച്ചു. നിദ്രയുടെ ഏതോരു പടവിൽ ഞാനത് കേട്ടു. അപ്പോഴാണ് ഓർത്തത് ഇന്നാണ് നമ്മൾ ഗുരുവായുരിലേക്ക് പോകാൻ തീരുമാനിച്ചത്. നിദ്രാവിഹീനമായിരുന്ന ഇന്നലെ എന്റെ രാത്രി ഇന്നത്തെ യാത്രയുടെ കണക്കുകൂട്ടലിനിടയിൽ ഉറങ്ങിയതെപ്പോഴാണെന്നറിഞ്ഞില്ല. ഞാൻ പെട്ടെന്നെഴുന്നേറ്റു. ഓടിചെന്ന് മുറ്റത്തിറങ്ങി ഹായ് പുലർക്കാല പ്രകൃതി വളരെ ചാരുതാപൂർണമാണ്. തണുത്ത ഈറൻ കാറ്റ് എന്നെ തൊട്ടുരുമി പോയി. കുളിച്ചൊരുങ്ങി, യാത്ര പുറപ്പെട്ടു. ബസ്സിന്റെ സൈഡ് സീറ്റിലിരിക്കാനാണ് ഞാൻ എന്നും ഇഷ്ട്ടപെട്ടത്. ഓടിമറയുന്ന പ്രകൃതി ദൃശ്യങ്ങൾ എന്തോ ഒരു കാർട്ടൂൺ പോലെ എന്നിൽ ഇളവാകുന്നു. നാട്ടിൽ നിന്ന് അകലാൻ തുടങ്ങി എന്നു എനിക്ക് തോന്നി അറിയാത്ത നാട്, അറിയാത്ത ആൾക്കാർ അങ്ങനെ, യാത്ര തുടർന്നുകൊണ്ടെയിരുന്നു. ക്ഷീണം കാരണം ഞാനൊന്ന് മയങ്ങി. അമ്മ എന്നെ വിളിച്ചു ഭക്ഷണം കഴിക്കാൻ ഹോട്ടലിൽ ചെന്നു. ഭക്ഷണം എന്തോ എനിക്കിഷ്ടപ്പെട്ടില്ല, ഞാനൊന്നും കഴിച്ചതുമില്ല. പുറത്തിറങ്ങിയപ്പോഴാണ് രണ്ട് കിളികളെ ഞാൻ നോക്കിയത്.തന്നെ ബന്ധിതനാക്കിയ ആ ഇരുമ്പഴിക്കുള്ളിൽ ശ്വാസം മുട്ടുകയാണവ, പുറത്ത് മറ്റുപക്ഷികൾ ചിറകടിച്ച് ആകാശ വിദാനത്തിലൂടെ പറക്കുന്നു. അസ്വാതന്ത്ര്യങ്ങളുടെ പ്രതികങ്ങാളായി അവയെ ഞാൻ കണ്ടു. വീണ്ടും യാത്ര തുടർന്നു.ക്ഷീണം കാരണം എല്ലാവരുടെ മുഖത്തും അനായസഥ എത്താനായില്ലേ എന്നമട്ട് . ഒടുവിൽ ഗുരുവായൂരപ്പന്റെ തിരു സന്നിധിയിലെത്തി ക്ഷേത്രം പ്രതിക്ഷണം വച്ച് നന്നായി മനസ്സുരുകി പ്രാർഥിച്ചു എല്ലവരുടെയും കണ്ണുകളിൽ നനവ് പടർന്നിരിന്നു കാലങ്ങളായി പറയാനിരുന്ന സങ്കടങ്ങളും സന്തോഷവുമായിരുന്നേക്കാം അത് എന്നാൽ എനിക്ക് സന്തോഷമായിരുന്നു ഉണ്ടായത് ഗുരുവായൂർ സന്നിധിയും അമ്പല പരിസരവും മൊത്തം ഞങ്ങൾ ചുറ്റികണ്ടു അമ്പലങ്ങളിൽ പോയത്കൂടുതൽ സമയം ചിലവഴിക്കാൻ ആഗ്രഹിക്കുന്നത് ചന്തകളിലാണ് കണ്ണുകളെ ആകർഷിക്കുന്നതും

വിസ്മയിപ്പിക്കുന്നതുമായ പല വസ്തുക്കളും അവിടെ കാണാം അങ്ങനെയാണ് അത് എന്റെ ശ്രദ്ധയിൽപ്പെട്ടത് ഒരു സ്ത്രീ കൈയിൽ പല വർണ്ണത്തിലുള്ള ബലൂണുകൾ ഒരു ബലൂൺ വിറ്റഴിക്കാൻ പാട് പെടുകയാണ് ഈ സ്ത്രീ തൊട്ടു പിറകിൽ ഒരു കുട്ടി ദാരിദ്രത്തിന്റെ വക കുട്ടിയിൽ കാണാം അന്നത്തെ വയറു നിറയ്ക്കാൻ പാട് പെടുകയാണ് അമ്മ പിറകിൽ വന്ന് എന്നെ തട്ടി വിളിച്ചു പോകാൻ സമയമായി എന്ന് മുന്നറിയിപ്പ് തന്നു. മടങ്ങും വഴി ഞാനോർത്തു സന്തോഷിക്കാൻ ഒരു പാട് കാര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും ഒരു നൊമ്പരം. ആ സ്ത്രീക്കും കുട്ടിക്കുമായി എന്നാലൊന്നും ചെയ്യാൻ കഴിഞ്ഞില്ലല്ലോ .

രേവതി.എം
9.ബി

# പൂച്ചയുടെ മനസ്സ്

അമ്മു നിർഭാഗവതിയാണ് ജൻമനാതന്നെ അവളുടെ രണ്ടു കാലുകളും നഷ്ടപ്പെട്ടുപോയി അവൾക്ക് പത്തുവയസ്സുകാരനായ അപ്പു എന്ന ജ്യേഷ്ടനായിരുന്നു ഉണ്ടായിരുന്നത് അവനാൽ കഴിയുന്നജോലി അവരിരുവരും ജീവിതം മുന്നോട്ടു നയിച്ചു അവൾക്ക് പൂച്ചകളെ വളരെ ഇഷ്ടമായിരുന്നു ഒരുദിവസം അവൾക്കുവേണ്ടി മൂന്ന് പൂച്ചക്കുട്ടികളെ കൊണ്ടുവന്നു അമ്മു അവയെ കിട്ടാൻ വേണ്ടി ധൃതികാണിച്ചു അപ്പു പറഞ്ഞു ധൃതിവേണ്ട അവയോരൊന്നിനും എത്ര വയസ്സുണ്ടെന്ന് പറഞ്ഞാൽ  മാത്രമെ പൂച്ചക്കുട്ടികളെ തിരയുകയുള്ളൂ അപ്പോൾ അമ്മു പറഞ്ഞു.ഒരു ക്ലൂതരാമോ ചേട്ടാ എങ്കിൽ ഞാൻ ഉത്തരം പറയാം അമ്മു സമ്മതിച്ചു മൂന്ന് പൂച്ചകളുടെ വയസിന്റെ ഗുണനഫലം മുപ്പത്തിയാറാണെന്നും അവയുടെ വയസ്സുകൾ കൂട്ടിയാൽ അമ്മുവിന്റെ ഇഷ്ടസംഖ്യയായ പതിമൂന്ന് കിട്ടുമെന്നും   അപ്പു പറഞ്ഞു അതുകൂടാതെ ഇതിലൊരു മൂത്തപൂച്ചകുടി ഉണ്ടെന്നും പറഞ്ഞപ്പോൾ അമ്മുവിന് ഉത്തരം ലഭിച്ചു എങ്കിൽ പൂച്ചകളുടെ വയസെത്ര?

നിത്യ

# വൃദ്ധസദനങ്ങൾ തേടുമ്പോൾ

കേരളം സമ്പൂർണ്ണ സാക്ഷരതയിലും ശാസ്ത്രവിവര സാങ്കേതിക വിദ്യയിലും വിപ്ലവാത്മകരമായ കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്നു.
എന്ന് നമ്മൾ അഭിമാനിക്കുമ്പോഴും ചില സാമൂഹികപ്രശ്നങ്ങൾ നിരന്തരം നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. 'മാതാ പിതാ ഗുരു ദൈവം '. മാതൃദേവോഭവ :പിതൃദേവോഭവ:അതിഥി ദേവോഭവ:എന്നിങ്ങനെയുള്ള ആപ്തവാക്യങ്ങളാൽ ഒരു സാംസ്കാരിക പൈതൃകം കെട്ടിപ്പടുത്തവരാണ് നമ്മൾ.

ഇന്ന് ഇതെല്ലാം മറന്ന് വൃദ്ധരായ മാതാ പിതാക്കളെ പലവിധത്തിൽ നാം ഉപേക്ഷിക്കുന്ന അണുകുടുംബങ്ങളുടെ ആവിർ- ഭാവത്തോടെ കുടുംബങ്ങ്ളിൽ നിന്ന് പുറത്തു പോകേണ്ടി വരുന്നത്
വൃദ്ധരായ മാതാപിതാക്കളാണ്. തങ്ങളുടെ ജീവിതാധ്വാനത്തിന്റെ ഫലം മക്കൾക്ക് നൽകിയശേഷം അനാഥാലയങ്ങളിലോ വൃദ്ധസദനങ്ങളിലോ അഭയം തേടേണ്ടി വരുന്ന കാഴ്ച വേദനാജനകമാണ്.

ഗ്രാമങ്ങൾ നഗരവൽക്കരിക്കപെട്ടതോടെ വൃദ്ധസദനങ്ങൾ ഗ്രമങ്ങ-ളേയും വലവീശി പിടിച്ചിരിക്കുകയാണ്.'ദൈവത്തിന്റെ സ്വന്തം നാട്' എന്ന വിശേഷണം കേരളത്തെ എത്ര ശ്രേഷ്ഠമാക്കുന്നോ,ആനന്മകളെ, പരിശുദ്ധിയെ, പാരമ്പര്യത്തെ തകർത്തുതരിപ്പണമാക്കുന്നതല്ലേ ഈ സാമൂഹികമാറ്റങ്ങൾ?ജീവിതത്തിൻെറ നല്ല നാളുകളിൽ മക്കൾക്കുജന്മം നൽകി നല്ല നിലയിൽ
വളർത്തിയ അത്യധ്വാനികളും ത്യാഗികളുമായ മാതാപിതാക്കളെ ജീവിതത്തിൻെറ സായന്തനങ്ങളിൽ വൃദ്ധസദനങ്ങളുടെ ഇരുട്ടറകളിലേക്കു തള്ളിവിടുന്നതിനേ എങ്ങനെ ന്യായീകരിക്കാനാവും ? തൻെറ മക്കളും മരുമക്കളും പേരാക്കിടാങ്ങളുമായി ജീവിക്കാൻ ആഗ്രഹിക്കാത്ത മാതാപിതാക്കളുണ്ടാവില്ല.വർധിച്ചുവരുന്ന സ്വാർഥത മനോഭാവമാണ് ഇതിന് ഒരു പ്രധാനകാരണമായിത്തീരുന്നത്.
ജോലിത്തിരക്കും ജീവിതപ്രാരബ്ധങ്ങളുമാണ് വൃദ്ധസദനങ്ങളിൽ ഉപേക്ഷിക്കാൻ ഇവർ കണ്ടെത്തുന്ന ന്യായീകരണം.ദീർഘകാലത്തെ ജീവിതാനുഭവങ്ങളും അവരുടെ ഉപദേശങ്ങളുമാണ് അവർ നമുക്കു നൽകുന്ന ഏറ്റവും വിലപ്പെട്ട സമ്പത്ത് പാശ്ചാത്യസംസ്കാരത്തോടുള്ള നമ്മുടെഅന്ധമായഅനുകരണംമറ്റൊരുകാരണമാണ്. വിദേശരാജ്യങ്ങളിൽ കുടുംബബന്ധങ്ങളേക്കാൾ വ്യക്തിബന്ധങ്ങൾക്കാണു പ്രാധാന്യം നൽകുന്നത്. പാശ്ചാത്യസംസ്കാരത്തോടുള്ള നമ്മുടെ അന്ധമായ അനുകരണം മറ്റൊരു കാരണമാണ്. വിദേശരാജ്യങ്ങളിൽ കുടുംബബങ്ങളേക്കാൾ വ്യക്തിബന്ധങ്ങൾക്കാണു പ്രാധന്യംനൽകുന്നത്. പാശ്ചാത്യരാജ്യങ്ങൾ ഇന്ത്യയെ അപേക്ഷിച്ച് സമ്പന്നരാജ്യങ്ങളാണ് അവിടെ ഗവൺമെൻറിൻെറ നിയന്ത്രണത്തിലും സംരക്ഷണത്തിലുമാണ് വൃദ്ധസദനങ്ങൾ.
ജനസംഖ്യാവർധനവിൻെറ കാര്യത്തിൽ ലോകരാജ്യങ്ങളുടെ ഇടയിൽ രണ്ടാം സ്ഥാനമാണ് നമുക്ക് തൊഴിലില്ലായ്മ, ദാരിദ്ര്യം, അനാരോഗ്യം കാർഷികമേഖലയിലെ തകർച്ച എന്നീപ്രശ്നങ്ങൾക്കിടയിൽ വയോജനങ്ങളെ ഏറ്റെടുക്കാൻ സർക്കാരിന് സാധ്യമല്ലാതാവുന്നു. ടെലിവിഷൻ, ഇൻറർനെറ്റ്

എന്നിവയുടെ സ്വാധീനം ഇത്തരം പ്രവണത കൂടിവരാൻ കാരണമാകുന്നുണ്ട് പ്രായമായവർക്കാവശ്യമായ ശുശ്രൂഷകൾ,കരുതൽ,ആരോഗ്യം,പോഷകാഹാരം, വസ്ത്രം എന്നിവയെല്ലാം പരികണിച്ച് അവരെ സ് നേഹപരിലാളനത്തിലൂടെ സംരക്ഷിക്കാൻ നാം തയ്യാറാവണം.സ്വത്തിനും പണത്തിനും വേണ്ടിമാത്രം മാതാപിതാക്കളെ പരിചരിക്കുകയും അതെല്ലാം കൈക്കലാക്കി നിർദ്ദയം തെരുവുകളിലും ക്ഷേത്രങ്ങളിലും ബസ്റ്റാൻറുകളിലും വലിച്ചെറിയ-പ്പെടുമ്പോൾ നമ്മളേയും വാർധക്യം തേടിയെത്തുമെന്ന് നാം ഓർക്കേണ്ടതുണ്ട്. അവർ അനുഭവിക്കുന്ന ദുഃഖങ്ങളും ദുരിതങ്ങളും എത്ര വലുതാണെന്ന് ചിന്തിക്കാനുള്ള വിവേകമെങ്കിലും നമ്മുക്കുണ്ടാവണം. സദചാരമൂല്യങ്ങളുടെ ധിക്കരിക്കലും കടമകളിൽ നിന്നുള്ള ഒളിച്ചോട്ടവുമാണ് ഇത്തരംവൃദ്ധസദനങ്ങളെ ആശ്രയിക്കുന്നതു മൂലം സംഭവിക്കുന്നത്. ജീവിതത്തിൽ ശന്തിയും സമാധനവും ഐശ്വര്യവും ലഭിക്കമെങ്കിൽ വൃദ്ധജനങ്ങളെ ആദരിക്കണം. വൃദ്ധസദനങ്ങൾ തേടുമ്പോൾ 'ഇന്നു ഞാൻ നാളെ നീ ' എന്ന കവി വാക്യം ഓർക്കുന്നത് നല്ലത്.

ശൈലജ ടീച്ചർ

## നന്ദി

ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനിലേക്ക് സൃഷ്ടികൾ നൽകിയ എല്ലാ കൂട്ടുകാർക്കും മാർഗനിർദ്ദേശങ്ങൾനൽകിയ എല്ലാഅദ്ധ്യാപകർക്കുംനന്ദി രേഖപ്പെടുത്തുന്നു.